بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 9

ലക്കം 30

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2024 ജൂലൈ 25/ഹി.ശം 1403 വഫാ 25/ഹി:ഖ 1445 മുഹർറം 18

## അല്ലാഹുവിന്റെ വചനം

مَنۡ کَانَ یُرِیۡدُ الۡحَیٰوۃَ الدُّنۡیَا وَزِیۡنَتَہَا نُوَفِّ اِلَیۡہِمۡ اَعۡمَالَہُمۡ فِیۡہَا وَہُمۡ فِیۡہَا لَا یُبۡخَسُوۡنَ ﴿۱۶﴾

(سُوۡرَۃُ ھُوۡدٍ: 16)

‘ഐഹികജീവിതത്തേയും അതിന്റെ അലങ്കാരത്തേയും ആര് ജീവിതലക്ഷ്യമാക്കുന്നുവോ, നാം അവർക്ക് അതിൽ തങ്ങളുടെ പ്രവർത്തനഫലങ്ങൾ തികച്ചും പൂർത്തിയാക്കിക്കൊടുക്കുന്നതാണ്. അവർക്കതിൽ ഒരു കുറവും വരുത്തുകയില്ല.’

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## തിരുനബിﷺയുടെ തിരുവചനങ്ങൾ:

### പ്രായശ്ചിത്തം ചെയ്യാൻ കഴിവില്ലെങ്കിൽ.

(1936) ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം. അദ്ദേഹം പറഞ്ഞു: നബി(സ) തിരുമേനിയുടെ കൂടെ ഞങ്ങളിരിക്കുമ്പോൾ ഒരാൾ വന്നു പറഞ്ഞു: പ്രവാചകരേ! ഞാൻ നാശത്തിൽ അകപ്പെട്ടു കഴിഞ്ഞു. നബി(സ)തിരുമേനി ചോദിച്ചു: നിന്റെ പ്രശ്നമെന്താണ്? അയാൾ പറഞ്ഞു: റമളാനിൽ നോമ്പുകാരനായിക്കൊണ്ട് ഞാനെന്റെ ഭാര്യയുമായി ലൈഗികബന്ധത്തിലേർപ്പെട്ടു. നബി(സ)തിരുമേനി ചോദിച്ചു: നിനക്ക് ഒരടിമയെ മോചിപ്പിക്കാൻ കഴിയുമോ? കഴിയില്ലെന്ന് അയാൾ പറഞ്ഞു. തുടർച്ചയായി രണ്ടുമാസം നോമ്പനുഷ്ഠിക്കുവാൻ കഴിയുമോ? ഇല്ലെന്നദ്ദേഹം മറുപടി പറഞ്ഞു. അറുപതു ദരിദ്രന്മാർക്ക് അന്നദാനം ചെയ്യാൻ നിങ്ങളെക്കൊണ്ടാകുമോ? നബി(സ)തിരുമേനി ചോദിച്ചു: ഇല്ലെന്നപ്പോഴും അയാൾ പറഞ്ഞു. അബൂഹുറയ്റ(റ) പറയുന്നു: നബി(സ) തിരുമേനി കുറേ സമയം ഇരുന്നു. അതിനിടയ്ക്ക് നബി(സ)തിരുമേനിയുടെ അടുത്ത് ഒരാൾ ഒരുകൊട്ട ഈത്തപ്പഴം കൊണ്ടുവന്നു. നബി(സ)തിരുമേനി ചോദിച്ചു: ചോദ്യകർത്താവ് എവിടെ? ഞാനിവിടെയുണ്ടെന്ന് അയാൾ മറുപടി പറഞ്ഞു. നബി(സ)നിർദേശിച്ചു: നീ ഇതെടുത്തു കൊണ്ടുപോയി ദാനം ചെയ്യുക. ദൈവദൂതരേ! എന്നെക്കാൾ ദരിദ്രനായ ഒരാൾക്കല്ലേ ഞാൻ ദാനം ചെയ്യേണ്ടത്? അല്ലാഹു സത്യം. മദീനയുടെ രണ്ടു കാൽ പ്രദേശങ്ങൾക്കിടയിൽ എന്റെ കുടുംബത്തെക്കാൾ ദരിദ്രമായ ഒരു കുടുംബമില്ല എന്നയാൾ

ശേഷം പേജ് 11 ൽ

## ഈ ലക്കത്തിൽ

ജുമുഅ ഖുത്വ്ബ
21 ജൂൺ 2024

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യം

റിപ്പോർട്ട് : ജർമൻ പര്യടനം

**നമസ്കാരം മനുഷ്യന്റെ ഏലസ്സാണ്. അഞ്ചുനേരം ദുആ ചെയ്യാനുള്ള അവസരം കിട്ടുന്നു. ഏതെങ്കിലും ദുആ സ്വീകരിക്കപ്പെടുമല്ലോ. അതുകൊണ്ട് നമസ്കാരത്തെ വളരെ അലങ്കാരത്തോടെ നമസ്കരിക്കേണ്ടതാണ്. എനിക്ക് ഇത് ഏറെ പ്രിയപ്പെട്ടതാണ്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ഉപദേശങ്ങൾ

റഹ്മാനിയ്യത്തിന്റെ സമ്പൂർണ പ്രതീകമാണ് മുഹമ്മദു(സ). എന്തുകൊണ്ടെന്നാൽ മുഹമ്മദിന്റെ അർഥം ഒരുപാടു സ്തുതിക്കപ്പെട്ടവൻ എന്നാണ്. റഹ്മാൻ എന്നതിന്റെ അർഥം പ്രതിഫലം പറ്റാതെ, ചോദിക്കാതെ, മുഅ്മിൻ കാഫിർ വ്യത്യാസമില്ലാതെ നല്കുന്നവൻ. ആരാണോ ചോദിക്കാതെ നല്കുന്നത് അവൻ തീർച്ചയായും സ്തുതിക്കപ്പെടുമെന്നത് വ്യക്തമായ കാര്യമാണ്. അതിനാൽ മുഹമ്മദിൽ റഹ്മാനിയ്യത്തിന്റെ ദിവ്യജ്യോതിസ്സിന്റെ ദർശനമുണ്ടായിരുന്നു. അഹ്മദ് എന്ന പേരിൽ റഹീമിയ്യത്തിന്റെ പ്രകടനമുണ്ടായിരുന്നു. കാരണം റഹീം എന്നതിന്റെ അർഥം അധ്വാനങ്ങളേയും പരിശ്രമങ്ങളേയും നഷ്ടപ്പെടുത്തി കളയാത്തവനെന്നാണ്. അഹ്മദിന്റെ അർഥം സ്തുതിക്കുന്നവനെന്നാണ്. ആരുടെയെങ്കിലും നല്ല കാര്യം ചെയ്യുന്നവനിൽ അവൻ സന്തോഷിക്കുന്നവനായിരിക്കുമെന്നതും പൊതുവായ കാര്യമാണ്. അവന്റെ അധ്വാനത്തിന് ഒരു പ്രതിഫലം നല്കുന്നു. അവനെ സ്തുതിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അഹ്മദിൽ റഹീമിയ്യത്തിന്റെ പ്രകടനമുണ്ട്. അതിനാൽ അല്ലാഹു മുഹമ്മദ്(റഹ്മാൻ) അഹ്മദ്(റഹീം) ആകുന്നു. അതായത് റസൂൽ(സ)അല്ലാഹുവിന്റെ റഹ്മാനിയ്യത്ത് റഹീമിയ്യത്ത് എന്നീ രണ്ടു മഹത്തായ സവിശേഷ ഗുണങ്ങളുടെ സാക്ഷാത്കാരമായിരുന്നു.

ലോകം ഒരു തീവണ്ടിയാണ്. നമുക്കെല്ലാവർക്കും ആയുസ്സിന്റെ ടിക്കറ്റ് നൽകപ്പെട്ടിരിക്കുന്നു. ഓരോരുത്തരുടേയും സ്റ്റേഷൻ വരുന്നിടത്ത് അവരെ ഇറക്കുന്നു. അതായത് അവൻ മരിച്ചുപോകുന്നു. പിന്നീട് മനുഷ്യൻ ഏതു ജീവിതത്തിലാണ് ഭാവനാത്മകമായ ബിരിയാണി ഉണ്ടാക്കുകയും ദീർഘമായ പ്രതീക്ഷകൾ കെട്ടിവച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നത്.

നമസ്കാരം മനുഷ്യന്റെ ഏലസ്സാണ്. അഞ്ചുനേരം ദുആ ചെയ്യാനുള്ള അവസരം കിട്ടുന്നു. ഏതെങ്കിലും ദുആ സ്വീകരിക്കപ്പെടുമല്ലോ. അതുകൊണ്ട് നമസ്കാരത്തെ വളരെ അലങ്കാരത്തോടെ നമസ്കരിക്കേണ്ടതാണ്. എനിക്ക് ഇത് ഏറെ പ്രിയപ്പെട്ടതാണ്.

സൂറ ഫാത്തിഹായിൽ ഏഴു വചനങ്ങളുണ്ട്. ഇതു വെച്ചിട്ടുള്ളത് നരകത്തിന് ഏഴു വാതിലുകളുണ്ട്. പിന്നെ എല്ലാ ഓരോ ആയത്തും ഓരോ വാതിലിൽനിന്നും രക്ഷിക്കുന്നതു പോലെ! *(മൽഫൂദാത്ത് വാല്യം 2, പേജ് 20)*

**ഇന്ന അവ്വല ബയ്ത്തിൻവ്വുളിഅ ലിന്നാസി ലല്ലദീ ബി ബക്കത്ത മുബാറക്കൻവ്വ ഹുദൻല്ലിൽ ആലമീൻ (3:97)**

**മനുഷ്യകുലത്തിന്റെ ആത്മീയപരമായ നേട്ടത്തിനും അവരുടെ ഈമാനിന്റെ സംരക്ഷണത്തിനും വേണ്ടി നിർമിക്കപ്പെട്ട ആദ്യത്തെ ഭവനം അതു മക്കയിലുള്ളതുതന്നെയാണ്.**

**അതിൽ എല്ലാ തരത്തിലുള്ള കൃപകളും ഒരുമിച്ചു കൂട്ടപ്പെട്ടിരിക്കുന്നു. ലോകം മുഴുവനുമുള്ള ജനങ്ങൾക്ക് അതിൽ ഫള്ലിന്റേയും റഹ്മത്തിന്റേയും സാമഗ്രികൾ ഒരുമിച്ചുകൂട്ടപ്പെട്ടിരിക്കുന്നു.**

ഈ ആയത്തുകളിൽ അല്ലാഹു ബയ്ത്തുല്ലായെ ബയ്ത്തുൽഅത്തീഖായി നിശ്ചയിച്ചുകൊണ്ട് ഹദ്റത്ത് ഇബ്റാഹീം(അ) ബയ്ത്തുല്ലാഹ് നിർമിച്ചിട്ടില്ല പ്രത്യുത അതു മുമ്പേതന്നെ ഉണ്ടാക്കിയിട്ടുള്ളതായിരുന്നു എന്നാണ് സൂചിപ്പിച്ചിട്ടുള്ളതെന്നും ഓർക്കേണ്ടതാണ്. ഹദ്റത്ത് ഇബ്റാഹീം(അ), ഹദ്റത്ത് ഇസ്മായീലുമായി ചേർന്ന് ആദ്യമുണ്ടായിരുന്ന അടയാളങ്ങളിന്മേൽ അതു പുനർനിർമിക്കുകയായിരുന്നു. ഹദ്റത്ത് ഹാജറായേയും ഹദ്റത്ത് ഇസ്മായീലിനേയും ഉപേക്ഷിച്ചുപോകുന്നനേരത്ത് അദ്ദേഹം അല്ലാഹുവിനോടു ചെയ്ത ദുആയിലും ഈ വാക്കുകൾ വരുന്നുണ്ട്. ***റബ്ബനാ ഇന്നീ അസ്കൻതു മിൻ ദുർരിയ്യത്തീ ബി വാദിൻ ഗയ്രി ദീ സർയിൻ ഇൻദ ബയ്ത്തിക്കൽ മുഹർറമി*** എന്റെ നാഥാ! ഞാനെന്റെ മക്കളെ, ചിലരെ നിന്റെ ആദരണീയമായ ഭവനത്തിന്റെയടുത്ത് ഈ താഴ്വരയിൽ വിട്ടുപോകുകയാണ്. ഇവിടെയാണെങ്കിൽ തിന്നുന്നതിന് ഒരു ധാന്യവുമില്ല, കുടിക്കുന്നതിന് ഒരു അരുവിയുമില്ല! (14:38)ഇതിൽനിന്ന് മനസ്സിലാകുന്നത് ബയ്ത്തുല്ലാഹ് ഹദ്റത്ത് ഇബ്റാഹീം(അ)ന്റെ കാലത്തിനുമുമ്പേ നിർമിക്കപ്പെട്ടു കഴിഞ്ഞിരുന്നുവെന്നാണ്. അല്ലാഹു ഈ ആയത്തിലും ഈ വിഷയത്തിലേക്ക് സൂചിപ്പിച്ചിരിക്കുന്നു. അതായത് ***ഇന്ന അവ്വല ബയ്ത്തിൻവ്വുളിഅ ലിന്നാസി ലല്ലദീ ബി ബക്കത്ത മുബാറക്കൻവ്വ ഹുദൻല്ലിൽ ആലമീൻ*** (3:97)അതായത് മനുഷ്യകുലത്തിന്റെ ആത്മീയപരമായ നേട്ടത്തിനും അവരുടെ ഈമാനിന്റെ സംരക്ഷണത്തിനുംവേണ്ടി നിർമിക്കപ്പെട്ട ആദ്യത്തെ ഭവനം അതു മക്കയിലുളളതുതന്നെയാണ്. അതിൽ എല്ലാ തരത്തിലുള്ള കൃപകളും ഒരുമിച്ചു കൂട്ടപ്പെട്ടിരിക്കുന്നു. ലോകം മുഴുവനുമുള്ള ജനങ്ങൾക്ക് അതിൽ ഫള്ലിന്റേയും റഹ്മത്തിന്റേയും സാമഗ്രികൾ ഒരുമിച്ചു കൂട്ടപ്പെട്ടിരിക്കുന്നു. ഈ ആയത്തിലെ വുളിഅ ലിന്നാസിയിലെ വാക്കുകൾ, ഈ ഭവനം മുഖേന ഭിന്നിച്ചുപോയികഴിഞ്ഞിരുന്ന ആ ആളുകളെയെല്ലാം വീണ്ടും ഒരുമിച്ചു കൂട്ടപ്പെടുന്നതാണെന്ന പ്രവചനവും വഹിക്കുന്നുണ്ട്. അതായത് ആഗോളമതത്തിന് ഇതുമായി ബന്ധമുണ്ട്. മുഴുവൻ ലോകത്തേയും സംഘടിപ്പിക്കുന്നതിന് ഈ ഭവനം ഒരു മാർഗമായിരിക്കും. അങ്ങനെ മുഹമ്മദു(സ)മുഖേന അല്ലാഹു ലോകത്തുള്ള വിവിധ ജനസ

ശേഷം പേജ് 07 ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

**നബി(സ)തിരുമേനിയെ വധിക്കുക എന്ന ബനൂ നളീറിന്റെ ഭാഗത്തുനിന്നുണ്ടായ നിന്ദ്യമായ ഗൂഢാലോചനയേയും ബനൂ നളീർ യുദ്ധത്തിന്റെ കാരണങ്ങളുടേയും വിശദമായ വിവരണം.**

**അല്ലാഹു യഹൂദികളുടെ ദുരുദ്ദേശ്യത്തെപ്പറ്റി വഹ്‌യുമുഖേന നബി(സ)തിരുമേനിയെ അറിയിക്കുകയും നബി(സ) തിരുമേനി ക്ഷണത്തിൽ അവിടെനിന്ന് എഴുന്നേറ്റു വരികയും ചെയ്തു.**

**നബി(സ)ഹദ്റത്ത് മുഹമ്മദ് ബിൻ മസ്‌ലമയോടു കൽപ്പിച്ചു: 'താങ്കൾ ഉടൻതന്നെ ബനൂനളീർ ഗോത്രക്കാരുടെ അടുക്കൽ പോയി, നിങ്ങൾ ഈ നാട്ടിൽനിന്ന് ഉടൻതന്നെ പുറത്തു പോകണമെന്ന റസൂലുല്ലാഹി(സ)ന്റെ സന്ദേശവുമായാണ് വന്നതെന്ന് അവരെ അറിയിക്കുക.'**

**സല്ലാം ബിൻ മിശ്ക്കം ഹുയ്യിബ്നി അഖ്ത്വബിനോടു പറഞ്ഞു: അല്ലാഹുവാണെ സത്യം! നിനക്കും നിന്റെ കൂട്ടാളികൾക്കും അദ്ദേഹം അല്ലാഹുവിന്റെ സത്യറസൂലാണെന്ന് അറിയാം. അദ്ദേഹത്തിന്റെ അപദാനങ്ങൾ നമ്മുടെ പക്കലുണ്ട്. നമ്മൾ അദ്ദേഹത്തെ വിശ്വസിക്കാത്തതിനു കാരണം നമുക്ക് അദ്ദേഹത്തോടുള്ള അസൂയയാകുന്നു. കാരണം പ്രവാചകത്വം ബനൂഹാറൂനിൽനിന്ന് മാറിപ്പോയിരിക്കുന്നു. വരൂ, നമുക്ക് അദ്ദേഹം നൽകുന്ന അനുഗ്രഹങ്ങൾ സ്വായത്തമാക്കാം.**

**സല്ലാം ബിൻ മിശ്ക്കം പറഞ്ഞു: അബ്ദുല്ലാഹ് ബിൻ ഉബയിന്റെ വാക്കുകൾക്ക് ഒരു വിലയുമില്ല. അയാൾ നിന്നെ നാശത്തിന്റെ പടുകുഴിയിലേക്ക് എറിയാനാണ് ആഗ്രഹിക്കുന്നത്. അതായത് നീ മുഹമ്മദു(സ)മായി യുദ്ധം ചെയ്യണമെന്നതാണ് അയാളുടെ ആഗ്രഹം. അയാൾ വീട്ടിൽ തന്നെയിരിക്കുകയും നിന്നെ കൈയൊഴിയുകയും ചെയ്യും.**

**ഹുയ്യ് തന്റെ സഹോദരനായ ജുദയ്യ് ബിൻ അഖ്ത്വബിനെ സന്ദേശവാഹകനായി അയച്ചുകൊണ്ട് പറഞ്ഞു: 'നീ പോയി മുസ്‌ലിമീങ്ങളുടെ നേതാവിനോടു ഞങ്ങളിവിടെനിന്ന് പോകുന്നതല്ലെന്നും എന്തുവേണമെങ്കിലും ചെയ്തുകൊള്ളുകയെന്നും പറയുക. നബി(സ)തിരുമേനി പറഞ്ഞു: ഹാരിബത്തുൽ യഹൂദു (യഹൂദികൾ യുദ്ധ പ്രഖ്യാപനം നടത്തിയിരിക്കുന്നു)**

**ഖുത്ബ ജുമുഅ 2024 ജൂൺ 21, 1403 ഇഹ്സാൻ 21**
**മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

നബി(സ)തിരുമേനിയെ വധിക്കുവാൻ യഹൂദികളുടെ ഒരു ഗോത്രമായ ബനൂനളീർ നടത്തിയ ഗൂഢാലോചനയെ പറ്റിയാണ് പറഞ്ഞു വന്നിരുന്നത്. നബി(സ)തിരുമേനിയെ വധിക്കുവാൻ അവരുണ്ടാക്കിയ പദ്ധതിയെ അല്ലാഹു എങ്ങനെയാണ് പരാജയപ്പെടുത്തിയതെന്ന് വിശദീകരിക്കാമെന്ന് കഴിഞ്ഞ ഖുത്ബയിൽ ഞാൻ പറഞ്ഞിരുന്നു. ഇതു സംബന്ധിച്ചെഴുതുന്നു:

വഹ്‌യ് മുഖേന നബി(സ)തിരുമേനിക്ക് ഗൂഢാലോചനയെപ്പറ്റി അറിവ് ലഭിക്കുകയുണ്ടായി. അതിന്റെ വിശദീകരണത്തിൽ പറയുന്നു: നബി(സ)തിരുമേനിക്കു മേൽ കല്ലിട്ട് വധിക്കുവാൻ അംറ് ബിൻ ജഹ്ഹാശ് വീടിനു മുകളിൽ കയറിയപ്പോൾ യഹൂദികളുടെ ഈ ഗൂഢാലോചനയെപ്പറ്റി വഹ്‌യ് മുഖേന നബി(സ)തിരുമേനിക്ക് അറിയിപ്പു ലഭിക്കുകയുണ്ടായി. നബി(സ) തിരുമേനി ഉടൻതന്നെ തൽസ്ഥാനത്തുനിന്നെഴുന്നേറ്റ് തന്റെ കൂട്ടുകാരെ അവിടെത്തന്നെ വിട്ട് എന്തോ ജോലി തീർക്കാനുള്ളതു പോലെ അവിടെനിന്ന് പോകുകയുണ്ടായി. അങ്ങനെ അതിശീഘ്രം മദീനയിലെത്തി. നബി(സ)തിരുമേനി എന്തെങ്കിലും തന്റെ അത്യാവശ്യ കാര്യത്തിനു പോകുകയാണെന്നായിരുന്നു സ്വഹാബാക്കൾ കരുതിയത്. പക്ഷേ, കുറച്ചു സമയം കഴിഞ്ഞപ്പോൾ സ്വഹാബാക്കൾക്ക് ആശങ്കയുണ്ടാകുകയും അവർ നബി(സ)തിരുമേനിയെ അന്വേഷിക്കാൻ അവിടെനിന്നെഴുന്നേൽക്കുകയും ചെയ്തു. വഴിയിൽ മദീനയിൽ നിന്ന് വരുന്ന ഒരാളെ അവർ കാണാനിടയായി. അവർ അയാളോടു നബി(സ)തിരുമേനിയെ സംബന്ധിച്ച് ചോദിച്ചപ്പോൾ അയാൾ പറഞ്ഞു: ഞാൻ നബി(സ)തിരുമേനി മദീനയിൽ പ്രവേശിക്കുന്നതു കണ്ടു. സ്വഹാബാക്കൾ ഉടൻതന്നെ നബി(സ)തിരുമേനിയുടെ അടുക്കലെത്തി. അപ്പോൾ എന്ത് ഗൂഢാലോചനയാണ് ബനൂനളീർ ചെയ്തതെന്ന് നബി(സ) തിരുമേനി സ്വഹാബാക്കളോടു പറഞ്ഞു. *(സീറത്തുൽ ഹൽബിയ്യ വാള്യം 2, പേജ് 257, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റത്ത് ലബ്നാൻ 2008)*

മറുഭാഗത്ത് യഹൂദികൾ പരസ്പരം കൂടിയാലോചന നടത്തുന്നതിനിടെ മദീനയിൽനിന്ന് ഒരു യഹൂദി എത്തി. തന്റെ സുഹൃത്തുക്കൾ നബി(സ)തിരുമേനിയെ സംബന്ധിച്ച് പരസ്പരം കൂടിയാലോചന നടത്തുന്നത് കേട്ടപ്പോൾ അയാൾ ചോദിച്ചു: 'നിങ്ങളെന്താണ് ചെയ്യാനുദ്ദേശിക്കുന്നത്?' അവർ പറഞ്ഞു: 'ഞങ്ങൾ മുഹമ്മദി(സ)നെ വധിക്കാനും അദ്ദേഹത്തിന്റെ സ്വഹാബാക്കളെ ബന്ദികളാക്കാനുമാണ് ആഗ്രഹിക്കുന്നത്.' അയാൾ ചോദിച്ചു: 'മുഹമ്മദ്(സ) എവിടെയാണ്?' അവർ പറഞ്ഞു: 'മുഹമ്മദ്(സ) അതാ അപ്പുറത്ത് അടുത്തുതന്നെ ഇരിക്കുന്നുണ്ട്.' ആഗതൻ അവരോടു പറഞ്ഞു: 'ഞാൻ അദ്ദേഹം മദീനയിൽ പ്രവേശിക്കുന്നത് കണ്ടല്ലോ!' അപ്പോൾ അവരെല്ലാവരും അത്ഭുതപ്പെട്ടുപോയി. *(സുബുലുൽഹുദാ വർറശാദ് വാള്യം 4, പേജ് 318, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റത്ത് ലബ്നാൻ 1993)*

മറ്റൊരു നബി ചരിത്രകാരൻ ഇതു സംബന്ധമായി എഴുതുന്നു: നബി(സ)തിരുമേനി തിരിച്ചു വരാൻ സമയമെടുക്കുന്നുവെന്ന് കണ്ടപ്പോൾ ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു: നമ്മൾ ഇവിടെ തങ്ങുന്നതു കൊണ്ട് ഒരു പ്രയോജനവുമില്ല. തീർച്ചയായും നബി(സ)തിരുമേനിക്ക് അല്ലാഹുവിൽനിന്ന് എന്തെങ്കിലും കൽപ്പന വന്നിട്ടുണ്ടാകും. അങ്ങനെ അവരെല്ലാവരും അവിടെനിന്ന്

പുറപ്പെട്ടപ്പോൾ യഹൂദികളുടെ നേതാവ് ഹുയ്യിബ്നി അഖ്ത്വബ് പറഞ്ഞു: അബുൽ ഖാസിം ധിറുതി കാണിച്ചിരിക്കുന്നു. ഞങ്ങൾ ഭക്ഷണം തയ്യാറാക്കുകയും ദിയാധനത്തിന്റെ കാര്യത്തിൽ കൂടിയാലോചന നടത്തുകയുമായിരുന്നു. അദ്ദേഹത്തിന് ഭക്ഷണം കൊടുത്തശേഷം അദ്ദേഹത്തിന്റെ ആവശ്യം പൂർത്തിയാക്കാൻ ആഗ്രഹിച്ചതാണ്. പിന്നീട് സ്വഹാബാക്കൾ മദീനയിലേക്ക് പോകുന്ന വഴിയിൽ ഒരാളെ കണ്ടുമുട്ടുകയുണ്ടായി. അവർ അയാളോടു ചോദിച്ചു: 'നിങ്ങൾ നബി(സ)തിരുമേനിയെ കണ്ടിരുന്നുവോ?' അയാൾ പറഞ്ഞു: 'നബി(സ)തിരുമേനി മദീനയിൽ പ്രവേശിക്കുന്നത് ഞാനിപ്പോൾ കണ്ടതേയുള്ളൂ.' സ്വഹാബാക്കൾ അവിടെ എത്തിയപ്പോൾ നബി(സ)തിരുമേനി അവിടെ ഉണ്ടായിരുന്നു. ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു: യാ റസൂലല്ലാഹ്! അങ്ങ് അവിടെനിന്ന് വന്നത് ഞങ്ങളറിഞ്ഞില്ല. അവിടന്ന് പറഞ്ഞു:

***ഹമ്മത്തിൽയഹൂദു ബിൽഗദ്റിബീ***

യഹൂദികൾ എന്നെ ചതിക്കാനുദ്ദേശിച്ചിരുന്നു.

നബി(സ)തിരുമേനി ദൈവിക വെളിപാടു പ്രകാരം വേഗം അവിടെനിന്ന് വരികയുണ്ടായി. സ്വഹാബാക്കൾ അപകടാവസ്ഥയിൽ അല്ലാതിരുന്നതുകൊണ്ടാണ് അവരോടൊന്നും പറയാതിരുന്നത്. യഹൂദികളുടെ ലക്ഷ്യം നബി(സ)തിരുമേനി മാത്രമായിരുന്നു. അതുകൊണ്ടുതന്നെ തന്റെ സ്വഹാബാക്കൾ സുരക്ഷിതരാണെന്നും തന്നെ തിരഞ്ഞുകൊണ്ട് അവരുടനെ വരുമെന്നുമുള്ള കാര്യത്തിൽ നബി(സ)തിരുമേനിക്ക് ആശങ്കയേതുമില്ലായിരുന്നു. *(സീറത്ത് എൻസൈക്ലോപീഡിയ വാല്യം 7, പേജ് 40-41 മക്തബ ദാറുസ്സലാം രിയാള് 1435 ഹിജ്റ)*

പറയുന്നു: ആ സമയത്ത് ഈ ആയത്തും ഇറങ്ങി: ***യാ അയ്യുഹല്ലദീന ആമനൂദ്കുറൂ നിഅ്മത്തല്ലാഹി അലയ്ക്കും ഇദ് ഹമ്മ ഖൗമുൻ അൻയ്യബ്സുത്വൂ ഇലയ്ക്കും അയ്ദിയഹും ഫകഫ്ഫ അയ്ദിയഹും അൻകും വത്തഖുല്ലാഹ വ അലല്ലാഹി ഫൽയതവക്കലിൽ മുഅ്മിനൂൻ***(5:12).*(സുബുലുൽഹുദാ വർറശാദ് വാല്യം 4, പേജ് 319,ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റത്ത് ലബ്നാൻ 1993)*

വിശ്വസിച്ചവരേ! ഒരു കൂട്ടർ നിങ്ങളുടെ നേരെ കൈയേറ്റം നടത്താനുദ്ദേശിച്ചപ്പോൾ നിങ്ങളുടെ മേൽ(ഉണ്ടായ)അല്ലാഹുവിന്റെ അനുഗ്രഹത്തെ സ്മരിക്കുക. അപ്പോൾ അവൻ നിങ്ങളിൽനിന്ന് അവരുടെ കൈകളെ തടഞ്ഞ്(രക്ഷപ്പെടുത്തി). നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവിൻ. സത്യവിശ്വാസികൾ (അവരുടെ കാര്യങ്ങൾ) അല്ലാഹുവിൽത്തന്നെ ഭരമേല്പിക്കേണ്ടതാണ്.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)എം.എ. ഇതു സംബന്ധമായി എഴുതുന്നു: അവർ അതായത് യഹൂദികൾ നബി(സ)തിരുമേനി വന്നതിൽ ബാഹ്യമായി സന്തോഷം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: 'താങ്കളിരുന്നാലും. ഞങ്ങളുടെ പങ്കിൽവരുന്ന തുക ഉടൻതന്നെ തരാം.' അങ്ങനെ നബി(സ)തിരുമേനിയും ഏതാനും സ്വഹാബാക്കളും ഒരു മതിലിന്നടുത്ത് തണലിൽ ഇരുന്നു. ബനൂ നളീർ പരസ്പരം കൂടിയാലോചനക്ക് ഒരു ഭാഗത്ത് മാറുകയും ചെയ്തു. പ്രത്യക്ഷത്തിൽ തങ്ങൾ പണത്തിനുള്ള സംവിധാനം ചെയ്യുകയാണെന്ന പ്രതീതിയുണ്ടാക്കി. എന്നാൽ, പണത്തിനുള്ള ഏർപ്പാടു ചെയ്യുന്നതിനു പകരം അവർ, ഇത് നല്ലൊരു അവസരമാണെന്നും മുഹമ്മദ്(സ) ചുമരിൽ ചാരി ഇരിക്കുന്നതിനാൽ ആരെങ്കിലും മറുഭാഗത്തുകൂടി വീടിനു മുകളിൽ കയറി (നഊദുബില്ലാഹ്) ഒരു വലിയ കല്ല് അദ്ദേഹത്തിന്റെമേൽ ഇട്ടുകൊണ്ട് അദ്ദേഹത്തിന്റെ കഥ കഴിക്കണമെന്നും ഗൂഢാലോചന നടത്തുകയായിരുന്നു. യഹൂദികളിലെ സല്ലാം ബിൻ മിശ്ക്കം എന്നയാൾ ഈ അഭിപ്രായത്തെ എതിർത്തുകൊണ്ട് പറഞ്ഞു: 'ഇതു വഞ്ചനയും നമ്മൾ മുഹമ്മദു(സ)മായി ചെയ്ത ഉടമ്പടിക്ക് വിരുദ്ധവുമാണ്.' പക്ഷേ, അവരാരും അത് ഗൗനിച്ചില്ല. അവസാനം അംറ് ബിൻ ജഹ്ഹാശ് എന്ന് പേരുള്ള ഒരു യഹൂദി ഒരു വലിയ കല്ലുമെടുത്ത് വീടിന്റെ മുകളിൽക്കയറി. അയാൾ അവിടെനിന്ന് ആ കല്ല് നബി(സ)തിരുമേനിയുടെമേൽ ഇടാൻ പോകുകയാരുന്നു. പക്ഷേ, നിവേദനത്തിൽ പറയുന്നു: അല്ലാഹു യഹൂദികളുടെ ദുരുദ്ദേശ്യത്തെപ്പറ്റി വഹ്‌യുമുഖേന നബി(സ)തിരുമേനിയെ അറിയിക്കുകയും നബി(സ)തിരുമേനി ക്ഷണത്തിൽ അവിടെനിന്ന് എഴുന്നേറ്റു വരികയും ചെയ്തു. നബി(സ)തിരുമേനി എഴുന്നേൽക്കുന്നതിൽ കാണിച്ച ധിറുതി കണ്ടപ്പോൾ സ്വഹാബാക്കളും യഹൂദികളും നബി(സ)തിരുമേനി എന്തോ അത്യാവശ്യ കാര്യത്തിന് എഴുന്നേൽക്കുകയാണെന്നാണ് കരുതിയത്. അതുകൊണ്ട് അവർ സമാധാനപൂർവം നബി(സ)തിരുമേനിയെ കാത്തിരിക്കുകയായിരുന്നു. പക്ഷേ, നബി(സ) തിരുമേനി അവിടെനിന്നെഴുന്നേറ്റ് നേരെ മദീനയിൽ വന്നു. സ്വഹാബാക്കൾ കുറച്ചുനേരം നബി(സ)തിരുമേനിയെ കാത്തിരുന്നു, പക്ഷേ, നബി(സ)തിരുമേനി തിരിച്ചു വരാതായപ്പോൾ അവർ അസ്വസ്ഥരായിക്കൊണ്ട് എഴുന്നേൽക്കുകയും നബി(സ)തിരുമേനിയെ ചുറ്റുപാടും തിരഞ്ഞുകൊണ്ട് അവസാനം മദീനയിലെത്തുകയും ചെയ്തു. അതിനുശേഷം നബി(സ)തിരുമേനി സ്വഹാബാക്കൾക്ക് യഹൂദികളുടെ ഈ ഭയാനകമായ ഗൂഢപദ്ധതിയെപറ്റി അറിയിപ്പു നൽകുകയുണ്ടായി.'*(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)എം.എ. പേജ് 523)*

നബി(സ)തിരുമേനി പോയതിനുശേഷമുള്ള യഹൂദികളുടെ അവസ്ഥയെപറ്റി വിവരിച്ചുകൊണ്ട് എഴുതുന്നു: 'യഹൂദികൾ തങ്ങൾചെയ്ത കാര്യത്തിൽ വളരെയേറെ ലജ്ജിതരായിരുന്നു. ഒരു യഹൂദി കിനാന ബിൻ സ്വുവയ്റാഅ് അല്ലെങ്കിൽ സ്വൂരിയ്യ പറഞ്ഞു: 'മുഹമ്മദു(സ)എന്തുകൊണ്ടാണ് ഇവിടെനിന്ന് എഴുന്നേറ്റു പോയതെന്ന് നിങ്ങൾക്കറിയാമോ?' അവർ പറഞ്ഞു: 'അല്ലാഹുവാണെ സത്യം! ഞങ്ങൾക്കറിയില്ല. നിങ്ങൾക്കറിയുമെങ്കിൽ പറഞ്ഞു തരിക.' അയാൾ പറഞ്ഞു: 'തൗറാത്താണെ സത്യം, നിങ്ങൾ ചെയ്യാനുദ്ദേശിച്ച വഞ്ചനെപ്പറ്റി മുഹമ്മദി(സ)ന് അറിയിപ്പ് ലഭിച്ചിരിക്കുന്നു. അതുകൊണ്ട് ഇനിയും നിങ്ങൾ സ്വയം വഞ്ചിതരാകരുത്. അല്ലാഹുവാണെ സത്യം! അദ്ദേഹം അല്ലാഹുവിന്റെ പ്രവാചകനാകുന്നു. നിങ്ങൾ വഞ്ചന കാണിക്കാനുദ്ദേശിക്കുന്നുവെന്ന് വെളിപാടുണ്ടായപ്പോഴാണ് അദ്ദേഹം എഴുന്നേറ്റത്. തീർച്ചയായും അദ്ദേഹം അവസാനത്തെ പ്രവാചകനാകുന്നു. നിങ്ങൾ അവസാന പ്രവാചകൻ ഹാറൂന്റെ സന്തതി പരമ്പരയിൽനിന്ന് വരുമെന്നാണ് ഉദ്ദേശിച്ചത്. പക്ഷേ, അല്ലാഹു ഇവിടെനിന്ന് നിയോഗിക്കാനാണ് ഇച്ഛിച്ചത്. തീർച്ചയായും നമ്മൾ തൗറാത്തിൽ വായിക്കുന്ന ഗ്രന്ഥങ്ങൾക്ക് മാറ്റം വന്നിട്ടില്ല. അവയിൽ ഈ പ്രവാചകൻ മക്കയിൽ ജനിക്കുമെന്നും മദീനയിൽ പലായനം ചെയ്യുമെന്നും എഴുതിയിട്ടുണ്ട്. ആ നബിയെ പറ്റി തൗറാത്തിൽ പറഞ്ഞ ഗുണവിശേഷണങ്ങൾ അദ്ദേഹത്തിൽ മാത്രമാണ് സാർഥകമാകുന്നത്. നിങ്ങൾക്കു രക്തം ചിന്തുകയല്ലാതെ മറ്റൊന്നും കിട്ടുന്നതല്ലെന്നും നിങ്ങൾ സ്വത്തും സമ്പാദ്യവും സന്താനങ്ങളും ഉപേക്ഷിക്കേണ്ടി വരുമെന്നും ഞാൻ കാണുന്നു. ഞാൻ പറയുന്നത് കേൾക്കുകയാണെങ്കിൽ നിങ്ങളുടെ സമ്പത്തും സന്താനങ്ങളും സുരക്ഷിതമായിരിക്കും. ഞാൻ പറയുന്ന രണ്ടു കാര്യങ്ങൾ അംഗീകരിക്കുക. മൂന്നാമത്തെ കാര്യത്തിൽ നന്മയില്ല.

അദ്ദേഹം പറഞ്ഞു: അക്കാര്യങ്ങളെന്താണ്? അയാൾ പറഞ്ഞു: ആദ്യത്തെ കാര്യം നിങ്ങൾ ഇസ്‌ലാം സ്വീകരിച്ച് മുഹമ്മദിന്റെ കൂട്ടുകാരാകുകയാണെങ്കിൽ നിങ്ങളുടെ സമ്പത്തും സന്താനങ്ങളും സുരക്ഷിതരായിരിക്കും. നിങ്ങൾ അദ്ദേഹത്തിന്റെ ഉന്നതരായ സഹചരന്മാരുടെ കൂട്ടത്തിൽ ഉൾപ്പെടുന്നതാണ്. നിങ്ങൾ വീടുകളിൽനിന്ന് പുറത്താക്കപ്പെടുകയില്ല. യഹൂദികൾ കിനാന ബിൻ സ്വൂരിയ്യ പറഞ്ഞ കാര്യത്തിന് മറുപടി നൽകിക്കൊണ്ട് പറഞ്ഞു: ഞങ്ങൾ തൗറാത്തും മൂസായുടെ ഉടമ്പടികളും ഒഴിവാക്കുന്നതല്ല. കിനാന പറഞ്ഞു: രണ്ടാമത്തെ കാര്യമെന്തെന്നാൽ നിങ്ങൾ കാത്തിരിക്കുക. അദ്ദേഹം തന്റെ പട്ടണത്തിൽനിന്ന് എത്രയും വേഗം നിങ്ങളോടു ഒഴിഞ്ഞു പോകാൻ പറയുന്നതായിരിക്കും. അപ്പോൾ നിങ്ങൾ അതേ, എന്ന് സമ്മതിക്കണം. അങ്ങനെയായാൽപ്പിന്നെ അദ്ദേഹം നിങ്ങളുടെ രക്തവും സമ്പത്തും തനിക്ക് അനുവദനീയമാണെന്ന് കരുതുകയില്ല. നിങ്ങളുടെ സമ്പത്തും സ്വത്തും നിങ്ങൾക്ക് വിട്ടുതരുന്നതായിരിക്കും. അത് നിങ്ങൾക്ക് വിൽക്കുകയോ കൂടെ കരുതുകയോ ചെയ്യാവുന്നതാണ്.' അവർ പറഞ്ഞു: 'അതേ, ഞങ്ങൾ അതിനു തയ്യാറാണ്. സല്ലാം ബിൻ മിശ്ക്കം പറഞ്ഞു: 'നിങ്ങൾ പറഞ്ഞപ്പോൾ ഞാൻ നിർബന്ധിതാവസ്ഥയിലാണ് അതിൽ ഭാഗഭാക്കായത്. അദ്ദേഹം അതായത് മുഹമ്മദു(സ) നിങ്ങൾ ഈ പ്രദേശത്തുനിന്ന് ഒഴിഞ്ഞു പോകണമെന്ന് പറഞ്ഞ് നമുക്ക് സന്ദേശം അയക്കുന്നതായിരിക്കും. ആ ഗോത്രത്തലവനോടു പറഞ്ഞു: 'അല്ലയോ ഹുയ്യേ!

അദ്ദേഹത്തിന്റെ കൽപ്പനക്കു മുന്നിൽ ഒഴികഴിവ് പറയാൻ നിൽക്കരുത്. സന്തോഷപൂർവം രാജ്യംവിട്ടുപോകൽ സ്വീകരിക്കുകയും അദ്ദേഹത്തിന്റെ നാട്ടിൽനിന്ന് പുറത്തു പോകുകയും ചെയ്യുക. അപ്പോൾ ഹുയ്യ പറഞ്ഞു: 'ഞാൻ അങ്ങനെത്തന്നെ ചെയ്യുന്നതും ഈ നാട്ടിൽനിന്ന് പോകുന്നതുമാണ്.' *(സുബുലുൽഹുദാ വർറശാദ് വാല്യം 4, പേജ് 319, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റത്ത് ലബ്നാൻ 1993)(സീറത്ത് എൻസൈക്ലോപീഡിയ വാല്യം 7, പേജ് 42-43 മക്തബ ദാറുസ്സലാം രിയാള് 1435 ഹിജ്റ)*

നബി(സ)തിരുമേനി മദീനയിലെത്തി(യഹൂദികളുടെ) ഗൂഢാലോചനാ സംബന്ധമായി എന്ത് നടപടികളാണ് സ്വീകരിച്ചത്? എന്നതിനെപ്പറ്റി എഴുതുന്നു: നബി(സ)തിരുമേനി യഹൂദികളെ നാടുകടത്താൻ ഉത്തരവിട്ടു. എന്നാൽ, അവർ ആദ്യം എതിർത്തെങ്കിലും പിന്നീട് തീരുമാനം മാറ്റി എന്നാണ് തുടക്കത്തിൽ എഴുതിയിരിക്കുന്നത്. ഇതിന്റെ വിശദാംശങ്ങൾ ഇപ്രകാരമാകുന്നു: റസൂലുല്ലാഹി(സ) മദീനയിലെത്തിയ ശേഷം ഹദ്റത്ത് മുഹമ്മദ് ബിൻ മസ്ലമയെ വിളിച്ചു വരുത്തി. അദ്ദേഹം എത്തിയപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'താങ്കൾ ഉടൻതന്നെ ബനൂനളീർ ഗോത്രക്കാരുടെ അടുക്കൽ പോയി, നിങ്ങൾ ഈ നാട്ടിൽ നിന്ന് ഉടൻതന്നെ പുറത്തു പോകണമെന്ന റസൂലുല്ലാഹി(സ)ന്റെ സന്ദേശവുമായാണ് വന്നതെന്ന് അവരെ അറിയിക്കുക.'*(സീറത്ത് എൻസൈക്ലോപീഡിയ വാല്യം 7, പേജ് 42-43 മക്തബ ദാറുസ്സലാം രിയാള് 1435 ഹിജ്റ)*

മുഹമ്മദ് ബിൻ മസ്ലമ, ബനൂനളീർ ഗോത്രക്കാരുടെ അടുക്കലെത്തി പറഞ്ഞു: 'എന്നെ മുഹമ്മദ് റസൂലുല്ലാഹ്(സ)അദ്ദേഹത്തിന്റെ ഒരു സന്ദേശവുമായിട്ടാണ് നിങ്ങളുടെ അടുക്കൽ അയച്ചിട്ടുള്ളത്. പക്ഷേ, അതു കേൾപ്പിക്കുന്നതിനുമുമ്പേ ഞാൻ നിങ്ങളെ ഒരു കാര്യം ഓർമിപ്പിക്കട്ടെ, അതേപ്പറ്റി നിങ്ങൾക്കെല്ലാം അറിവുള്ളതാണ്.' അവർ ചോദിച്ചു: 'അതെന്ത് കാര്യമാണ്?' മുഹമ്മദ് ബിൻ മസ്ലമ പറഞ്ഞു: 'ഞാൻ നിങ്ങളോടു മൂസാ(അ)യ്ക്ക് അല്ലാഹു ഇറക്കിക്കൊടുത്ത തൗറാത്തിനെ മുൻനിറുത്തി ചോദിക്കട്ടെ, ഇസ്ലാമിനുമുമ്പേ ഒരു ദിവസം ഞാൻ നിങ്ങളുടെ അടുക്കൽ തൗറാത്തുമായി വന്നത് നിങ്ങൾക്കോർമയുണ്ടായിരിക്കും.' നിങ്ങൾ പറഞ്ഞു: 'ഭക്ഷണം കഴിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഞങ്ങൾ ഭക്ഷണം നൽകാം. യഹൂദി ആകാൻ ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങളെ യഹൂദി ആക്കുകയും ചെയ്യാം.' ഞാൻ പറഞ്ഞു: 'ഭക്ഷണം തന്നാൽ ഞാൻ തിന്നുന്നതാണ്, പക്ഷേ, യഹൂദി ആകാൻ പറഞ്ഞാൽ അത് സാധ്യമല്ല.' പിന്നീട് നിങ്ങൾ ഒരു പാത്രത്തിൽ ഭക്ഷണം തന്നിട്ടു ചോദിച്ചു: 'നിങ്ങളെന്തുകൊണ്ടാണ് യഹൂദമതം സ്വീകരിക്കാത്തത്? നിങ്ങൾ ഇബ്റാഹീമീ മതം അന്വേഷിക്കുകയാണോ? അബൂആമിർ റാഹിബ്, ഇബ്റാഹീമിന്റെ ദീനിനെ പിന്തുടരുന്ന ആളല്ലേ? ആ ദീനിന്റെ ഇന്നയിന്ന അടയാളങ്ങളോടുകൂടിയ നബി നമ്മുടെ അടുക്കൽ വരുന്നതാണ്. അദ്ദേഹം സുസ്മേരവദനനും സത്യത്തിന്റെ ശത്രുക്കളെ നശിപ്പിക്കുന്നവനുമായിരിക്കും. അദ്ദേഹത്തിന്റെ കണ്ണുകൾ ചെമപ്പ് നിറമുള്ളവയായിരിക്കും. അദ്ദേഹം യമനിൽനിന്നാണ് വരിക. ഒട്ടകത്തിൽ സഞ്ചരിക്കുന്നതാണ്. ശിരസ്സിൽ തലപ്പാവുണ്ടായിരിക്കും. ഉണക്കച്ചപ്പാത്തി കഴിക്കുന്നതിലും തൃപ്തനായിരിക്കും. അദ്ദേഹത്തിന്റെ കഴുത്തിൽ വാൾ തൂങ്ങിക്കിടക്കുന്നുണ്ടായിരിക്കും. അദ്ദേഹം യുക്തിയും ജ്ഞാനവും പറയുന്നതായിരിക്കും.' അപ്പോൾ യഹൂദികൾ പറഞ്ഞു: 'നിങ്ങൾ പറഞ്ഞ അടയാളങ്ങളെല്ലാം ശരിയാണ്. ഞങ്ങൾ ഈ അടയാളങ്ങളെല്ലാം നിങ്ങളോടു പറഞ്ഞിരുന്നു. പക്ഷേ, ഈ അടയാളങ്ങൾ അദ്ദേഹത്തിൽ അതായത് മുഹമ്മദി(സ)ൽ ഇല്ല.' അപ്പോൾ മുഹമ്മദ് ബിൻ മസ്ലമ പറഞ്ഞു: 'ഞാൻ നിങ്ങളെ ഓർമിപ്പിക്കാൻ ഉദ്ദേശിച്ച അടയാളങ്ങൾ ഇതൊക്കെത്തന്നെയാണ്. ഇനി നബി(സ)തിരുമേനിയുടെ സന്ദേശം കേട്ടുകൊള്ളുക: 'നിങ്ങൾ റസൂലുല്ലായുമായി(സ) ഉണ്ടാക്കിയിട്ടുള്ള ഉടമ്പടി വഞ്ചന കാണിച്ചുകൊണ്ട് ലംഘിച്ചിരിക്കുന്നു. അംറ് ബിൻ ജഹ്ഹാശ് വീടിന്റെ മുകളിൽക്കയറി അവിടെനിന്ന് കല്ലുരുട്ടി നബിയുടെ മേലിടാൻ പദ്ധതിയിട്ടത് സംബന്ധിച്ച് അല്ലാഹു തന്റെ നബിക്ക് അറിയിപ്പ് നൽകുകയുണ്ടായി. നിങ്ങൾ കരാർ ലംഘിച്ചിരിക്കുന്നു. ഇതു കേട്ടപ്പോൾ യഹൂദികൾ സ്തബ്ധരായിപ്പോയി. മുഹമ്മദ് ബിൻ മസ്ലമ, നബി(സ)തിരുമേനിയുടെ സന്ദേശം കേൾപ്പിച്ചുകൊണ്ട് പറഞ്ഞു: റസൂലുല്ലാഹ്(സ)പറയുന്നു: ***ഉഖ്റുജൂ മിൻ ബലദീ ഫഖദ് അജ്ജൽത്തുക്കും അശ്റൻ ഫമൻർറുഇയ ബഅ്ദ ദാലിക്ക റളബ്ത്തു ഉനുഖുഹൂ*** അതായത് നിങ്ങൾ എന്റെ പട്ടണത്തിൽനിന്ന് പുറത്തു പോകുവിൻ. നിങ്ങൾക്ക് 10 ദിവസത്തെ സാവകാശം നൽകുന്നു. അതിനുശേഷം ആരെയെങ്കിലും കണ്ടാൽ അയാളുടെ ഗളഛേദം ചെയ്യുന്നതായിരിക്കും.' യഹൂദികൾ പറഞ്ഞു: 'ഔസ് ഗോത്രത്തിലെ ഒരാളിൽ നിന്ന് ഇങ്ങനെയുള്ള വർത്തമാനം കേൾക്കുമെന്ന് ഞങ്ങളൊരിക്കലും ചിന്തിച്ചിട്ടു പോലുമില്ല. നിങ്ങൾ ഞങ്ങളുടെ കൂട്ടുകാരായിരുന്നു.' മുഹമ്മദ് ബിൻ മസ്ലമ പറഞ്ഞു: 'ഇപ്പോൾ മനസ്സ് മാറിയിരിക്കുന്നു. ഔസിന്റെയും ഖസ്റജിന്റെയും മനസ്സിൽ യഹൂദികളോടു സ്നേഹമുണ്ടായിരുന്നു. എന്നാൽ, ഇസ്ലാം വന്നതിനുശേഷം അവിടെ അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള സ്നേഹം മാത്രമാണുള്ളത്.' നബി(സ)തിരുമേനിയുടെ സന്ദേശം കേട്ടതിനെ തുടർന്ന് യഹൂദികൾ നാടുവിടാനുള്ള തയ്യാറെടുപ്പുകൾ തുടങ്ങി. ബനൂനളീറിന് ഏതാനും ദിവസത്തെ സാവകാശം നൽകിയിരുന്നതിനാൽ അവർ നാടുവിടാനുള്ള തയ്യാറെടുപ്പ് തുടങ്ങി. അവരുടെ യാത്രാവാഹന മൃഗങ്ങൾ ***'ദീ ജദ്ർ'*** സ്ഥലത്താണ് ഉണ്ടായിരുന്നത്. ***ദീ ജദ്ർ,*** ഖുബയുടെ പ്രാന്തപ്രദേശത്ത് മദീനയിൽ നിന്ന് എട്ടു മൈൽ ദൂരെയുള്ള ഒരു മേച്ചിൽസ്ഥലമാകുന്നു. അവർ അതിനെ തിരികെ കൊണ്ടുവരാൻ തുടങ്ങുകയും അശ്ജഅ് ഗോത്രത്തിൽനിന്ന് കുറച്ച് ഒട്ടകങ്ങളെ കടമായി ചോദിക്കുകയും ചെയ്തിരുന്നു.*(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹി(സ), വാല്യം 7, പേജ്179-180, ബസം ഇഖ്ബാൽ ലാഹോർ 2022)(ഫർഹങ്കെ സീറത്ത് പേജ് 85, സവാർ അക്കാഡമി കറാച്ചി 2003)*

യഹൂദികൾ അവിടെനിന്ന് പുറപ്പെടാൻ തയ്യാറെടുക്കുന്നതിനിടയിൽ മുനാഫിഖീങ്ങളുടെ നേതാവായ അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂൽ ഒരു തന്ത്രം മെനഞ്ഞു. ഈ തന്ത്രം കാരണം അവരുടെ ഉദ്ദേശ്യം മാറുകയും ചെയ്തു. അതിന്റെ വിശദീകരണമായി ചരിത്രത്തിൽ പറയുന്നു: 'യഹൂദികൾ തങ്ങളുടെ തയ്യാറെടുപ്പിലായിരുന്നു. അവർക്ക് അബ്ദുല്ലാഹ് ബിൻ ഉബയ്യിന്റെ ഒരു സന്ദേശം കിട്ടി. സുവയ്ദും ദായിസുമാണ് ഈ സന്ദേശവുമായെത്തിയത്. അബ്ദുല്ലാഹ് ബിൻ ഉബയ്യ് പറയുന്നു: 'നിങ്ങൾ വീടുകളിൽനിന്ന് പോകുകയോ സമ്പത്ത് ഒഴിവാക്കുകയോ ചെയ്യേണ്ടതില്ല. നിങ്ങൾ നിങ്ങളുടെ കോട്ടകളിൽത്തന്നെ കഴിച്ചു കൂട്ടുക. എന്റെ പക്കൽ എന്റെ സമുദായത്തിന്റെയും അറബികളുടെയും 2000 യുവാക്കളുണ്ട്. അവർ നിങ്ങളോടൊപ്പം നിങ്ങളുടെ കോട്ടകളിൽ പ്രവേശിക്കുന്നതായിരിക്കും. അവരിലെ അവസാന വ്യക്തിയും മരിക്കുന്നതുവരെയും മുസ്ലിമീങ്ങൾ നിങ്ങളുടെ അടുക്കലെത്തുന്നതല്ല. ബനൂ ഖുറയ്ളയും നിങ്ങളെ സഹായിക്കുന്നതായിരിക്കും. നിങ്ങളെ നിന്ദ്യരാകാൻ വിടുന്നതല്ല. ബനൂ ഗത്ഫാനിലെ നിങ്ങളുടെ സുഹൃത്തുക്കളും നിങ്ങളെ സഹായിക്കുന്നതായിരിക്കും. ഇനി നിങ്ങൾ ഇവിടെനിന്ന് പുറത്ത് പോകാൻ നിർബന്ധിതരാകുകയാണെങ്കിൽ ഞങ്ങളും നിങ്ങളോടൊപ്പം ഇവിടെനിന്ന് പോരുന്നതാണ്.

അല്ലാഹു മുനാഫിഖീങ്ങളുടെ ഈ കുതന്ത്രത്തെ സംബന്ധിച്ച് വിശുദ്ധ ഖുർആനിൽ പറയുന്നു: ***അലംതറ ഇലല്ലദീന നാഫഖൂ യഖൂലൂന ലിഇഖ്വാനിഹിമുല്ലദീന കഫറൂ മിൻ അഹ്ലിൽകിതാബി ലഇൻ ഉഖ്രിജ്ത്തും ലനഖ്റുജന്ന മഅക്കും വലാ നുത്വീഉ ഫീക്കും അഹദൻ അബദൻ വ്വഇൻ ഖൂത്തിൽത്തും ലനൻസ്വുറന്നക്കും*** (59:12)

കാപട്യം കൈക്കൊണ്ടവരെ നീ കാണുന്നില്ലേ? ഗ്രന്ഥാനുസാരികളിൽനിന്ന് അവിശ്വസിച്ചവരായ തങ്ങളുടെ സഹോദരന്മാരോടു അവർ പറയുന്നു, നിങ്ങൾ (മദീനയിൽനിന്ന്) പുറത്താക്കപ്പെടുകയാണെങ്കിൽ നിശ്ചയമായും ഞങ്ങളും നിങ്ങളോടൊപ്പം പുറത്തുപോകും. നിങ്ങളുടെ കാര്യത്തിൽ ഞങ്ങളൊരിക്കലും ആരേയും അനുസരിക്കുകയില്ല. നിങ്ങളോടു യുദ്ധം ചെയ്യപ്പെടുന്നതായാൽ തീർച്ചയായും ഞങ്ങൾ നിങ്ങളെ സഹായിക്കുന്നതായിരിക്കും. *(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹി(സ), വാല്യം 7, പേജ് 180, ബസം ഇഖ്ബാൽ ലാഹോർ 2022) (അൽഇക്തിഫാഅ് വാല്യം 2, പേജ് 110, ആലമുൽകുതുബ് ബെയ്റുത്ത്)*

അബ്ദുല്ലാഹ് ബിൻ ഉബയ് തങ്ങളുടെ സുഹൃത്തുക്കളെ സഹായിക്കണമെന്ന് പറഞ്ഞു ബനൂ ഖുറയ്ളയിലെ കഅബ്

ബിൻ അസദ് ഖുർളിക്ക് സന്ദേശമയക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞു: ഞങ്ങളിൽ ആരുംതന്നെ ഉടമ്പടി ലംഘിക്കാൻ ആഗ്രഹിക്കുന്നില്ല. അങ്ങനെ അദ്ദേഹം അത് നിരാകരിച്ചു. അബ്ദുല്ലാഹ് ബിൻ ഉബയ്, ബനൂഖുറയ്ളയുടെ നിലപാടിൽ നിരാശനായി. അയാൾ നബി(സ)തിരുമേനിക്കും ബനൂ നളീറിനും ഇടയ്ക്കുള്ള വിഷയം കൂടുതൽ കടുപ്പിക്കാനാഗ്രഹിച്ചിരുന്നു. അയാൾ കൂടെക്കൂടെ ഹുയ്യന് സന്ദേശങ്ങളയച്ചുകൊണ്ടിരുന്നു. ഹുയ്യ് പറഞ്ഞു: ഞങ്ങൾ സ്വത്തുക്കളൊന്നും ഉപേക്ഷിക്കുകയില്ലെന്നും നിങ്ങൾ എന്തുവേണമെങ്കിലും ചെയ്തുകൊള്ളുകയെന്നും പറഞ്ഞ് ഞാൻ മുഹമ്മദ്(സ)ന് സന്ദേശമയക്കാൻ പോകുകയാണ്. ഹുയ്യ്, അബ്ദുല്ലാഹ് ബിൻ സുലൂലിന്റെ വർത്തമാനത്തിൽ വശീകരിക്കപ്പെട്ടു. സല്ലാം ബിൻ മിശ്കം, ഹുയ്യയിനോടു പറഞ്ഞു; ഹുയ്യേ! നിന്റെ ആത്മാവ് നിന്നെ വഞ്ചിക്കുകയാണ്. നിന്റെ അഭിപ്രായത്തെ ഭോഷത്തമെന്ന് കണക്കാക്കപ്പെടുമെന്ന് എനിക്ക് ആശങ്കയില്ലായിരുന്നുവെങ്കിൽ ഞാൻ നമ്മുടെ അനുസരണമുള്ള യഹൂദികളോടൊപ്പം നിന്നെ ഉപേക്ഷിക്കുമായിരുന്നു. ഹുയ്യേ, നീ അങ്ങനെ ചെയ്യരുത്.

അയാളോടു പറഞ്ഞു: അല്ലാഹുവാണെ സത്യം! നിനക്കും നിന്റെ കൂട്ടാളികൾക്കും അദ്ദേഹം അല്ലാഹുവിന്റെ സത്യറസൂലാണെന്ന് അറിയാം. അദ്ദേഹത്തിന്റെ അപദാനങ്ങൾ നമ്മുടെ പക്കലുണ്ട്. നമ്മൾ അദ്ദേഹത്തെ വിശ്വസിക്കാത്തതിനു കാരണം നമുക്ക് അദ്ദേഹത്തോടുള്ള അസൂയയാകുന്നു. പ്രവാചകത്വം ബനൂഹാറൂനിൽ നിന്ന് മാറിപ്പോയിരിക്കുന്നു. വരൂ, നമുക്ക് അദ്ദേഹം നൽകുന്ന അനുഗ്രഹങ്ങൾ സ്വായത്തമാക്കാം.

നമ്മൾ അദ്ദേഹത്തിന്റെ പട്ടണത്തിൽ നിന്ന് പുറത്തുപോകുകയാണെങ്കിലും നീ അദ്ദേഹത്തോടു വഞ്ചന കാണിക്കുന്ന കാര്യത്തിൽ എന്നെ എതിർക്കുകയാണ് ചെയ്തതെന്നും അറിയാം. നമ്മൾ ഇവിടെനിന്ന് പോകുകയും ഫലങ്ങൾ പാകമാകുമ്പോൾ വരികയും ചെയ്യാം. അല്ലെങ്കിൽ നമ്മളിലാരെങ്കിലും ഫലങ്ങളുടെ അടുക്കൽവന്ന് അത് വിൽപ്പന നടത്തണം. അതല്ലെങ്കിൽ അയാൾ ഉചിതമായതു ചെയ്ത് നമ്മുടെ അടുക്കൽ വരുന്നതാണ്. അതായത് ഈ നിലയ്ക്ക് നമ്മൾ പട്ടണത്തിൽനിന്ന് പുറത്തുപോകുന്നില്ല. കാരണം നമ്മുടെ മുതൽ നമ്മുടെ കൈകളിൽത്തന്നെ ഉണ്ടായിരിക്കും. നമ്മുടെ സമ്പത്തും കർമങ്ങളും കാരണമാണ് നമുക്ക് സമുദായത്തിനുമേൽ മേന്മയുള്ളത്. സമ്പത്ത് നമ്മുടെ കൈയിൽനിന്ന് നഷ്ടപ്പെട്ടാൽപ്പിന്നെ നമ്മൾ ദൈന്യതയിൽ മറ്റു യഹൂദികളെപ്പോലെ ആയിത്തീരുന്നതായിരിക്കും. എന്നാൽ, മുഹമ്മദ്(സ) നമ്മുടെ അടുക്കൽവന്ന് ഒരു ദിവസമെങ്കിലും നമ്മുടെ കോട്ടകളെ ഉപരോധിക്കുന്ന അവസ്ഥ ഉണ്ടായാൽപ്പിന്നെ, ഇപ്പോൾ അവർ നമുക്കയച്ച സന്ദേശത്തെ അംഗീകരിക്കുന്നതല്ല. അവർ അത് നിരാകരിക്കുന്നതായിരിക്കും. ഹുയ്യിബ്നി അഖ്ത്വബ് പറഞ്ഞു: സന്ദർഭം കിട്ടിയാലല്ലേ മുഹമ്മദ് നമ്മെ ഉപരോധിക്കുകയുള്ളൂ. ഇല്ലെങ്കിൽ പിന്തിരിഞ്ഞു പോകുന്നതാണ്. അബ്ദുല്ലാഹ് ബിൻ ഉബയ്യ് ഞാനുമായി ചെയ്ത വാഗ്ദാനം നീ കണ്ടില്ലേ?

സല്ലാം ബിൻ മിശ്കം പറഞ്ഞു: അബ്ദുല്ലാഹ് ബിൻ ഉബയിന്റെ വാക്കുകൾക്ക് ഒരു വിലയുമില്ല. അയാൾ നിന്നെ നാശത്തിന്റെ പടുകുഴിയിലേക്ക് എറിയാനാണ് ആഗ്രഹിക്കുന്നത്. അതായത് നീ മുഹമ്മദു(സ) മായി യുദ്ധം ചെയ്യണമെന്നതാണ് അയാളുടെ ആഗ്രഹം. അയാൾ വീട്ടിൽ തന്നെയിരിക്കുകയും നിന്നെ കൈയൊഴിയുകയും ചെയ്യും. അബ്ദുല്ലഹ് ബിൻ ഉബയ്, കഅ്ബിനോട് സഹായം ചോദിച്ചെങ്കിലും കഅ്ബ് നിരാകരിക്കുകയാണുണ്ടായത്. കഅ്ബ് പറഞ്ഞു: ഞാൻ ജീവിച്ചിരിക്കുന്നിടത്തോളം ബനൂ ഖുറയ്ളയിലെ ആരും തന്നെ ഉടമ്പടി ലംഘിക്കുന്നതല്ല. അബ്ദുല്ലാഹ് ബിൻ ഉബയ്, തന്റെ കൂട്ടുകാരായ ബനൂഖയ്നഖായോടും ഇതേ രീതിയിൽ വാഗ്ദാനം ചെയ്തിട്ടുണ്ടായിരുന്നു. അവരും യുദ്ധം ചെയ്യാൻ ശ്രമിച്ചതാണ്. ഉടമ്പടിക്ക് വില കൽപ്പിക്കാതെ തങ്ങളെ സ്വയം കോട്ടകളിൽ തടവിലാക്കി. അങ്ങനെ അബ്ദുല്ലാഹ് ബിൻ ഉബയിന്റെ സഹായം കാത്തിരിക്കുകയായിരുന്നു. അയാളാകട്ടെ തന്റെ വീട്ടിൽ കഴിഞ്ഞു കൂടുകയുമായിരുന്നു. മുഹമ്മദ്(സ) അവരെ വളയുകയും അവസാനം അദ്ദേഹത്തിന്റെ കൽപ്പന അംഗീകരിക്കാൻ അവർ നിർബന്ധിതരാകുകയും ചെയ്തു.

ഇബ്നു ഉബയ് തന്റെ കൂട്ടുകാരെ സഹായിക്കുകയുണ്ടായില്ല. ഞങ്ങളാകട്ടെ വാളുകളുമായി ഔസിനോടൊപ്പം എല്ലാ യുദ്ധങ്ങളിലും ഭാഗഭാക്കായിട്ടുണ്ട്. ഇപ്പോൾ യുദ്ധങ്ങളുടെ ആ ശൃംഖല അവസാനിച്ചിരിക്കുന്നു. മുഹമ്മദു(സ) ആഗതനായി അതിന്നിടയിൽ അതായത് യുദ്ധങ്ങൾക്കിടയിൽ തടസ്സം ഉണ്ടാക്കിയിരിക്കുന്നു. ഇബ്നു ഉബയ് യഹൂദിയോ മുസ്‌ലിമോ അല്ല. അയാൾ തന്റെ സമുദായമതത്തിലുമില്ല. നമ്മൾ എങ്ങനെയാണ് അയാൾ പറയുന്നത് അംഗീകരിക്കുക? ഹുയ്യ് പറഞ്ഞു: ഞാൻ മുഹമ്മദു(സ)മായി ശത്രുതയിൽത്തന്നെ കഴിച്ചു കൂട്ടുന്നതാണ്. അദ്ദേഹവുമായി യുദ്ധങ്ങളും ചെയ്തു കൊണ്ടിരിക്കുന്നതാണ്. സല്ലാം പറഞ്ഞു: അങ്ങനെയാണെങ്കിൽ നമ്മൾ നമ്മുടെ മണ്ണിൽ നിന്ന് പുറത്താക്കപ്പെടുന്നതും നമ്മുടെ സമ്പത്തും ശ്രേഷ്ഠതയും അവസാനിക്കുന്നതുമായിരിക്കും. നമ്മുടെ മക്കൾ ബന്ദികളാക്കപ്പെടുകയും യുദ്ധവീരന്മാർ കൊല്ലപ്പെടുകയും ചെയ്യുന്നതുമാണ്. പക്ഷേ, ഹുയ്യ് നബി(സ)തിരുമേനിയുമായി യുദ്ധം ചെയ്യാമെന്ന കാര്യമൊഴികെ മറ്റെല്ലാ കാര്യങ്ങളും നിരാകരിക്കുകയാണുണ്ടായത്. *(സുബുലുൽഹുദാ വർറശാദ് വാള്യം 4, പേജ് 320, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റൂത്ത് ലബ്നാൻ 1993)*

യഹൂദി ഗോത്രത്തിലെ മന്ദബുദ്ധി എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഒരു വൃദ്ധനായ സാറൂക് ബിൻ അബീ ഹുഖയ്ഖും പറഞ്ഞു: 'ഹുയ്യേ! നീ വളരെ മോശം മനുഷ്യനാണ്. നീ ബനൂനളീറിനെ നശിപ്പിക്കുന്നതായിരിക്കും.' ഹുയ്യ് കോപാന്ധനായി പറഞ്ഞു: 'ബനൂനളീറിലെ ആളും അതും ഈ പൊട്ടനും വിവരം കെട്ടവനും എന്നോടു സംസാരിക്കുന്നോ? സാറൂക്കിനെ അയാളുടെ സഹോദരന്മാർ മർദ്ദിക്കുകയും ചെയ്തു. എന്നിട്ട് ഹുയ്യിനോടു പറഞ്ഞു: 'ഞങ്ങൾ നിങ്ങളുടെ കൽപ്പന അനുസരിക്കുന്നവരാണ്. ഞങ്ങളൊരിക്കലും നിന്നെ എതിർക്കുന്നതല്ല. *(സീറത്ത് എൻസൈക്ലോപീഡിയ വാള്യം 7, പേജ് 45 മക്തബ ദാറുസ്സലാം റിയാള് 1435 ഹിജ്റ) (ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹി(സ), വാള്യം 7, പേജ് 181, ബസം ഇഖ്ബാൽ ലാഹോർ 2022)*

തുടർന്ന് ഹുയ്യ് തന്റെ സഹോദരനായ ജുദയ്യ് ബിൻ അഖ്ത്വബിനെ സന്ദേശവാഹകനായി അയച്ചുകൊണ്ട് പറഞ്ഞു: 'നീ പോയി മുസ്‌ലിമീങ്ങളുടെ നേതാവിനോടു ഞങ്ങളിവിടെനിന്ന് പോകുന്നതല്ലെന്നും എന്തുവേണമെങ്കിലും ചെയ്തുകൊള്ളുകയെന്നും പറയുക. ജുദയ്യ് മദീനയിലെത്തി ഹുയ്യിന്റെ സന്ദേശം കേൾപ്പിക്കുകയുണ്ടായി. നബി(സ)തിരുമേനി സ്വഹാബാക്കളോടൊപ്പം ഇരിക്കുകയായിരുന്നു. നബി(സ)തിരുമേനി അയാൾ പറഞ്ഞത് കേട്ടപ്പോൾ ഉച്ചത്തിൽ അല്ലാഹു അക്ബർ എന്ന് പറഞ്ഞു. സ്വഹാബാക്കളും തക്ബീർ മുഴക്കുകയുണ്ടായി. നബി(സ)തിരുമേനി പറഞ്ഞു: ഹാരിബത്തുൽ യഹൂദു (യഹൂദികൾ യുദ്ധ പ്രഖ്യാപനം നടത്തിയിരിക്കുന്നു)

നബി(സ)തിരുമേനി ബനൂനളീറിന്റെ ചെയ്തികൾക്കും യുദ്ധപ്രഖ്യാപനത്തിനും മറുപടിയായി ബനൂ നളീറിനെ ആക്രമിക്കാൻ വിളംബരം ചെയ്തു. തുടർന്ന് സ്വഹാബാക്കൾ അപ്പോൾത്തന്നെ തയ്യാറെടുപ്പിൽ വ്യാപൃതരായി. യഹൂദികളുടെ ഈ സന്ദേശ

## • കലാമുൽ ഇമാം •

**"നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!"**

*(മൽഫൂദാത്ത് വാള്യം 3, പേജ് 38)*

ത്വാലിബെ ദുആ:
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala**

## • കലാമുൽ ഇമാം •

**'ഇസ്തിഖാമത്ത് അഥവാ സ്ഥൈര്യം കൈവരിക്കാൻ സ്വലാത്ത് ഒരു ഉഗ്രമായ മാർഗമാണ്. ധാരാളമായി ചൊല്ലുക. ആചാരവും ശീലവുമെന്ന നിലയിലല്ല; പ്രത്യുത നബി(സ)തിരുമേനിയുടെ സൗന്ദര്യവും ഔദാര്യവും പരിഗണിച്ചുകൊണ്ട്. അവിടത്തെ പദവികളുടേയും നിലകളുടേയും അഭിവൃദ്ധിക്കുവേണ്ടി. അവിടത്തെ വിജയത്തിനുവേണ്ടി.'** *(മൽഫൂദാത്ത് വാള്യം 3, പേജ് 38)*

ത്വാലിബെ ദുആ:
**P.Abdul Ameer**
**Sadr, Ahmadiyya Jama-ath Pathapiriyam, Kerala**

വാഹകൻ ജുദയ്യ് ബിൻ അഖ്ത്വബ് ക്ഷണത്തിൽ അബ്ദുല്ലാഹ് ബിൻ ഉബയ്യിന്റെ വീട്ടിലെത്തി. അയാളോടു നബി(സ) തിരുമേനിയുമായി സംസാരിച്ചതും തുടർന്നുള്ള സംഭവങ്ങളും കേൾപ്പിച്ചു. അയാൾ തന്റെ വീട്ടിൽ ആ സമയത്ത് തന്റെ സുഹൃത്തുക്കളുമായി സൊറ പറഞ്ഞിരിക്കുകയായിരുന്നു. അയാൾ പറഞ്ഞു: "നിങ്ങൾ പൊയ്ക്കൊള്ളുക, ഞാനെന്റെ കൂട്ടുകാർക്ക് സന്ദേശമയക്കാം. അവർ നിങ്ങളോടൊപ്പം കോട്ടകളിൽ പ്രവേശിക്കുന്നതായിരിക്കും. പക്ഷേ, (ഹുയ്യിന്റെ) സന്ദേശവാഹകൻ (ജുദയ്യ്) കാണുന്നത് ഇബ്നു ഉബയ്യിന്റെ മകൻ ഹദ്‌റത്ത് അബ്ദുല്ലാഹ് പടച്ചട്ടയുമണിഞ്ഞ് വാളുമെടുത്ത് ഇസ്‌ലാമിക സൈന്യത്തിൽ പങ്കാളിയാകാൻ ഓടുന്ന കാഴ്ചയാണ്. അപ്പോൾ ജുദയ്യ് അയാളുടെ നിസ്സഹകരണത്തിൽ നിരാശനായി. അയാൾ ഉടൻതന്നെ ഹുയ്യിന്റെ അടുക്കലെത്തി എല്ലാ കാര്യങ്ങളും വിവരിച്ചു. മുഹമ്മദ്(സ) നിങ്ങളുടെ സന്ദേശം കേട്ടപ്പോൾ യഹൂദികൾ യുദ്ധപ്രഖ്യാപനം നടത്തിയെന്നു പറയുകയും ഉച്ചത്തിൽ തക്ബീർ മുഴക്കിക്കൊണ്ട് യുദ്ധ വിളംബരം നടത്തുകയും ചെയ്തിരിക്കുന്നു. എന്നിട്ടും അയാൾക്കു വിശ്വാസം വന്നില്ല, ഇതെല്ലാം അവരുടെ യുദ്ധ തന്ത്രങ്ങളാണെന്ന് പറയുകയും ചെയ്തു. ഹുയ്യ് ചോദിച്ചു: അബ്ദുല്ലാഹ് ബിൻ ഉബയ് എന്തു പറഞ്ഞു? അയാൾ ഇബ്നു ഉബയ്യുമായി നടന്ന സംസാരം കേൾപ്പിച്ചുകൊണ്ട് പറഞ്ഞു: അയാൾ (ഉബയ്യ്) പറഞ്ഞു: ഞാനെന്റെ സുഹൃത്തുക്കൾക്ക് സന്ദേശമയക്കാം. അവർ നിങ്ങളോടൊപ്പം കോട്ടകളിലേക്ക് എത്തുന്നതായിരിക്കും. ജുദയ്യ് പറഞ്ഞു: സഹോദരാ, എനിക്ക് അയാളുടെ സഹായത്തിൽ ഒരു പ്രതീക്ഷയുമില്ല.

മറുഭാഗത്ത് നബി(സ) തിരുമേനി കോട്ടകൾ വളയാൻ സ്വഹാബാക്കൾക്ക് കൽപ്പന നൽകുകയും ചെയ്തു. *(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹി(സ), വാല്യം 7, പേജ് 181–182, ബസം ഇഖ്ബാൽ ലാഹോർ 2022)*

ഇത് സംബന്ധമായി ഹദ്‌റത്ത് മിർസാ ബശീർ അഹ്‌മദ് സാഹിബ്(റ) എം.എ. എഴുതുന്നു: "നബി(സ) തിരുമേനി ഔസ് ഗോത്രത്തിലെ ഒരു നേതാവായ മുഹമ്മദു ബിൻ മസ്‌ലമയെ വിളിച്ചു പറഞ്ഞു: 'നിങ്ങൾ ബനൂനളീറിന്റെ അടുക്കൽ പ്പോയി ഇപ്പോഴത്തെ കാര്യങ്ങൾ അതായത് അവർ തങ്ങളുടെ ദ്രോഹത്തിൽ ഒരു പാട് മുന്നോട്ടു ഗമിച്ചിരിക്കുന്നുവെന്നും അവരുടെ വഞ്ചന പാരമ്യതയിലെ ത്തിയെന്നും അതുകൊണ്ട് ഇനി അവർ മദീനയിൽ താമസിക്കുന്നത് ശരിയല്ലെന്നും പറയുക. അവർ മദീന വിട്ട് മറ്റേതെങ്കിലും സ്ഥലത്തുപോയി താമസമാക്കുന്നതാണ് ഉചിതം. നബി(സ) തിരുമേനി ഇതിന് അവർക്ക് 10 ദിവസത്തെ സാവകാശവും നൽകുകയുണ്ടായി. മുഹമ്മദു ബിൻ മസ്‌ലമ അയാളുടെ അടുത്തു പോയപ്പോൾ അയാൾ വലിയ അഹങ്കാരത്തോടെയും ധാർഷ്ട്യത്തോടെയുമാണ് പെരുമാറിയത്. അയാൾ പറഞ്ഞു: 'മുഹമ്മദി(സ)നോടു പറയുക, ഞങ്ങൾ മദീനയിൽനിന്ന് പോകാൻ തയ്യാറല്ല. നിങ്ങൾക്ക് സൗകര്യമുള്ളത് ചെയ്തു കൊള്ളുക.' അയാളുടെ ഈ മറുപടിയെ പറ്റി അറിഞ്ഞപ്പോൾ നബി(സ) തിരുമേനി അനിയന്ത്രിതമായി പറഞ്ഞു: 'അല്ലാഹു അക്ബർ, യഹൂദികൾ യുദ്ധത്തിന് തയ്യാറായിരിക്കുകയാണ്.' തുടർന്ന് നബി(സ) തിരുമേനി മുസ്‌ലിമീങ്ങളോടു യുദ്ധത്തിന് തയ്യാറാകാൻ കൽപ്പന നൽകുകയും സ്വഹാബാക്കളുടെ ഒരു സംഘവുമായി ബനീനളീറിന്നെതിരിൽ യുദ്ധമൈതാനത്തേക്ക് പുറപ്പെടുകയും ചെയ്തു.' *(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്‌റത്ത് മിർസാ ബശീർ അഹ്‌മദ് സാഹിബ്(റ) എം.എ. പേജ് 523–524)*

ആ നേരത്ത് നബി(സ) തിരുമേനി രാജ്യത്തിന്റെ ഭരണാധിപനായിരുന്നു. നാട്ടിലെ ഭരണാധിപനെ വധിക്കുവാൻ ഭയാനകമായ ആസൂത്രണം ചെയ്ത കാരണത്താൽ കലാപകാരികൾ ലജ്ജിതരായി ആയുധവുമേന്തി യുദ്ധപ്രഖ്യാപനം നടത്തിയിട്ടുണ്ടായിരുന്നു. മദീനയെ വലിയ രക്തച്ചൊരിച്ചലിൽ നിന്ന് രക്ഷിക്കേണ്ടതും മദീനയെ സംരക്ഷിക്കാൻ ഈ കലാപകാരികളെ ഒതുക്കേണ്ടതും അനിവാര്യവുമായിരുന്നു. അതുകൊണ്ട് കലാപകാരികളെ നേരിടുന്നതിന് എല്ലാ മുസ്‌ലിമീങ്ങളും ഒരുമിച്ച് കൂടി നബി(സ) തിരുമേനിയുടെ കൂടെ പുറപ്പെട്ടു. ആ നേരത്ത് നബി(സ) തിരുമേനി ഹദ്‌റത്ത് ഇബ്നു ഉമ്മി മക്തൂമിനെ മദീനയിൽ തന്റെ പ്രതിനിധിയായി നിശ്ചയിക്കുകയും ചെയ്തു. ഹദ്‌റത്ത് സഅ്ദ് ബിൻ ഉബാദക്ക് കൂടാരം കൊടുത്തിട്ട് അവ ബനൂനളീറിന്റെ കോട്ടകൾക്കു മുന്നിൽ നാട്ടാൻ പറയുകയും ചെയ്തു. ഇതു പ്രത്യേകതരം മരംകൊണ്ടുള്ളതായിരുന്നു. ചിലർ ഇതു തുകൽകൊണ്ടുള്ളതാണെന്നും പറയുന്നു. യുദ്ധപതാക ഹദ്‌റത്ത് അലി ബിൻ അബീ ത്വാലിബാണ് പിടിച്ചിരുന്നത്. നബി(സ) തിരുമേനി ഇസ്‌ലാമിക സൈന്യത്തോടൊപ്പം മുന്നോട്ടു നീങ്ങുകയും വൈകുന്നേരത്ത് ബനൂനളീറിന്റെ പ്രദേശത്തെത്തി താവളമടിക്കുകയും ചെയ്തു. അവിടെ തുറസ്സായ മൈതാനത്ത് അസ്ർ നമസ്കരിപ്പിച്ചു. അതേസമയം യഹൂദികൾ തങ്ങളുടെ കോട്ടകളിൽ ബന്ധനസ്ഥരാകുകയും ചെയ്തു. അവർ കോട്ടകൊത്തളങ്ങളുടെ മുകളിൽ കയറി അമ്പെയ്യാനും കല്ലെറിയാനും തുടങ്ങി. ഇശായുടെ നേരത്ത് നബി(സ) തിരുമേനി നമസ്കരിപ്പിച്ചു. നമസ്കാരത്തിനുശേഷം 10 സ്വഹാബാക്കളോടൊപ്പം മദീനയിൽ തന്റെ വീട്ടിലേക്ക് പോയി. ആ നേരത്ത് നബി(സ) തിരുമേനി പടച്ചട്ട അണിഞ്ഞിരുന്നു. കുതിരപ്പുറത്താണ് സഞ്ചരിച്ചിരുന്നത്. നബി(സ) തിരുമേനി ഹദ്‌റത്ത് അലിയെ സൈന്യാധിപനായി നിയോഗിച്ചു. മറ്റൊരു നിവേദനത്തിൽ ഹദ്‌റത്ത് അബൂബക്റിനെ സൈന്യാധിപനാക്കിയെന്നും പറയുന്നുണ്ട്. ഏതായാലും മുസ്‌ലിമീങ്ങൾ രാത്രി യഹൂദികളെ ഉപരോധിച്ചുകൊണ്ട് കഴിച്ചുകൂട്ടി. തക്ബീർ ധ്വനികളും ഉയർത്തിക്കൊണ്ടിരുന്നു. അങ്ങനെ (പുലർച്ചെ) പ്രഭാതത്തിന്റെ വെളിച്ചം വന്നു തുടങ്ങിയപ്പോൾ ഹദ്‌റത്ത് ബിലാൽ(റ) സ്വുബ്ഹി ബാങ്കു കൊടുത്തു. ആ സമയത്ത് നബി(സ) തിരുമേനി കൂടെ പോയിരുന്ന 10 സ്വഹാബാക്കളുമായി സൈനിക താവളത്തിൽ എത്തിച്ചേർന്നിട്ടുണ്ടായിരുന്നു. നബി(സ) തിരുമേനി സ്വുബ്ഹി നമസ്കരിപ്പിച്ചു. യഹൂദികളിൽ അസ്‌വക് എന്ന പേരിൽ ഒരാളുണ്ടായിരുന്നു. ചില സ്ഥലങ്ങളിൽ ഇയാളുടെ പേര് ഗസൂൽ എന്നും വന്നിട്ടുണ്ട്. ഇയാൾ വലിയ അമ്പെയ്ത്തുകാരനായിരുന്നു. ഇയാൾ തൊടുത്തുവിടുന്ന അമ്പ് വളരെ ദൂരെച്ചെന്ന് പതിച്ചിരുന്നു. അയാൾ നബി(സ) തിരുമേനിയുടെ കൂടാരം ലക്ഷ്യമാക്കി അമ്പെയ്യുകയുണ്ടായി. അമ്പ് കൂടാരത്തിൽ വന്ന് തറയ്ക്കുകയും ചെയ്തു. നബി(സ) തിരുമേനി കൂടാരം അമ്പെയ്ത്തുകാരിൽനിന്ന് ദൂരെ ഒരിടത്ത് സ്ഥാപിക്കാൻ കൽപ്പന നൽകി. *(സീറത്ത് ഹൽബിയ്യ വാല്യം 2, പേജ് 359, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് ലബ്നാൻ2008)(കിതാബുൽ മഗാസി വാല്യം 1, പേജ് 314,ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് ലബ്നാൻ 2003)*

രാത്രിയായെങ്കിലും അബ്ദുല്ലാഹ് ബിൻ ഉബയ്യോ അയാളുടെ സുഹൃത്തുക്കളോ ബനൂനളീറിന്റെ അടുക്കൽ വരികയുണ്ടായില്ല. അയാൾ തന്റെ വീട്ടിൽത്തന്നെ കഴിച്ചുകൂട്ടി. ബനൂനളീർ അയാളുടെ സഹായത്തെ സംബന്ധിച്ച് നിരാശരായിട്ടുണ്ടായിരുന്നു. സല്ലാം ബിൻ മിശ്കും കിനാന ബിൻ സ്വുവയ്റാഉം ഹുയ്യിനോടു ചോദിച്ചു: 'നീ പ്രതീക്ഷിച്ചിരുന്ന ഇബ്നു ഉബയ്യിന്റെ സഹായം എവിടെ?' ഹുയ്യി പറഞ്ഞു: 'ഇനി ഞാൻ എന്തു ചെയ്യാനാണ്? ഈ നാശം എന്റെ വിധിയിലെഴുതപ്പെട്ടതായിരിക്കും.' *(സുബുലുൽഹുദാ വർറ*

**• അമീറുൽമുഅ്മിനീന്റെ ഉപദേശം •**

**'ഏതു കാര്യങ്ങൾക്കാണോ ഹദ്‌റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞവാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക.'**

*(സന്ദേശം, ജൽസാസാലാന ഡന്മാർക്ക് 2019)*

**• അല്ലാഹുവിന്റെ കലാം •**

**"ഇബ്റാഹീം (പ്രാർഥിച്ചുകൊണ്ടു) പറഞ്ഞ സന്ദർഭം (സ്മരിക്കുക). എന്റെ നാഥാ! ഈ പട്ടണത്തെ സമാധാന പൂർണമാക്കേണമേ. എന്നേയും എന്റെ സന്തതികളേയും ഞങ്ങൾ വിഗ്രഹങ്ങളെ ആരാധിക്കുന്നതിൽനിന്ന് അകറ്റുകയും ചെയ്യേണമേ."**

*(വിശുദ്ധ ഖുർആൻ 14:36)*

ത്വാലിബെ ദുആ:
K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH, VANIYAMBALAM, KERALA

ത്വാലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

*ശാദ് വാള്യം 4, പേജ് 322, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റത്ത് ലബ്നാൻ 1993)*

ഇതിന്നിടയിൽ ഒരു രാത്രി ഇശാനേരത്ത് ഹദ്റത്ത് അലിയെ കാണാതായി. ആളുകൾ നബി(സ)തിരുമേനിയുടെ അടുത്തുവന്നു പറഞ്ഞു: 'യാ റസൂലല്ലാഹ്!അലിയെ എവിടെയും കാണുന്നില്ല.' നബി(സ)തിരുമേനി പറഞ്ഞു: 'നിങ്ങൾ അദ്ദേഹത്തെപ്പറ്റി ആശങ്കപ്പെടേണ്ട കാര്യമില്ല. അദ്ദേഹം നിങ്ങളുടെ തന്നെ ഒരു കാര്യത്തിനുവേണ്ടി പോയിരിക്കുകയാണ്.' കുറച്ചു സമയത്തിനകം ഹദ്റത്ത് അലി(റ) നബി(സ)തിരുമേനിയുടെ കൂടാരത്തിനുനേരെ അമ്പെയ്ത അസ്വക്കിന്റെ തലയും കൊയ്തുകൊണ്ട് വരികയുണ്ടായി. അയാളുടെ അമ്പുകൾ നബി(സ)തിരുമേനിയുടെ കൂടാരംവരെ എത്തിയിരുന്നു. ഹദ്റത്ത് അലി ആ നേരത്ത് മുസ്‌ലിമീങ്ങളുടെ ഏതെങ്കിലും വലിയ നേതാവിനെ വധിക്കുവാൻ വരുന്ന ശത്രുവിനേയും കാത്ത് തക്കം പാർത്തിരിക്കുകയായിരുന്നു. അയാളുടെ കൂടെ ഒരു സംഘവുമുണ്ടായിരുന്നു. ഹദ്റത്ത് അലി അയാളെ ആക്രമിക്കുകയും അയാളെ വധിക്കുകയും ചെയ്തു. അയാളുടെ കൂടെ ഉണ്ടായിരുന്നവരെല്ലാം ഓടിപ്പോയി. തുടർന്ന് നബി(സ)തിരുമേനി ഹദ്റത്ത് അലിയോടൊപ്പം 10 പേരുടെ ഒരു സംഘത്തെ അയച്ചു. അതിൽ ഹദ്റത്ത് അബൂദുജാന, ഹദ്റത്ത് സഹ്ൽ ബിൻ ഹുനയ്ഫ് എന്നിവരുമുണ്ടായിരുന്നു. ഹദ്റത്ത് അലിയും സംഘവും അസ്വക്കിന്റെ കൂടെ ഉണ്ടായിരുന്ന ആളുകളെ പിടികൂടി. അവർ ഹദ്റത്ത് അലിയെ കണ്ട് ഓടിപ്പോയതായിരുന്നു. സ്വഹാബാക്കളുടെ സംഘം അവരെയെല്ലാം വധിച്ചു. ചില പണ്ഡിതന്മാർ ഈ സംഘത്തിൽ 10 പേരുണ്ടായിരുന്നുവെന്ന് എഴുതിയിട്ടുണ്ട്. സ്വഹാബാക്കൾ അവരെ വധിച്ച് അവരുടെ തലകളുമായെത്തി. പിന്നീട് അവ വിവിധ കിണറുകളിൽ ഇടുകയും ചെയ്തു. *(സീറത്ത് ഹൽബിയ്യ വാള്യം 2, പേജ്259, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റത്ത് ലബ്നാൻ 2008)*

ഒരു ഖൗൽ അനുസരിച്ച് നബി(സ) തിരുമേനി അവരുടെ ശിരസുകൾ ബനൂഖത്മയുടെ കിണറിലിടാൻ കൽപ്പിച്ചുവെന്നും വന്നിട്ടുണ്ട്.*(കിതാബുൽമഗാസി വാള്യം 1, പേജ് 315, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റത്ത് ലബ്നാൻ 2003)*

ബാക്കി ഇൻശാ അല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്.

(രണ്ടാം ഖുത്ബയ്ക്കുശേഷം ഹുദൂർ അൻവർ പറഞ്ഞു: സ്വഫ്ഫുകളിൽ നിൽക്കുമ്പോൾ തോളോടുതോൾച്ചേർന്ന് നിൽക്കുന്നില്ലെന്ന് എന്നോടു ഒരാൾ പറഞ്ഞു. ഇപ്പോൾ കോവിഡിന്റെ കാലം കഴിഞ്ഞിരിക്കുന്നു. സ്വഫ്ഫിൽ തോളോടുതോൾ ചേർന്ന് നിൽക്കേണ്ടതാണ്. (വിവർത്തനം: എച്ച്.ശംസുദ്ദീൻ കാവശ്ശേരി)

പേജ് 1 ൽ നിന്ന്

മൂഹങ്ങളെ ഒരു കൈയിൽ ഒരുമിച്ചുകൂട്ടി. ഇപ്രകാരം കഅ്ബ വിവിധതരക്കാരായ എല്ലാ ആളുകളേയും ഒരുമിച്ചു കൂട്ടുന്നതിന് മാർഗമായിത്തീർന്നു.

എന്തായാലും ബയ്ത്തുല്ലാഹ് അങ്ങേയറ്റം പുരാതനമായൊരു സ്ഥലമാണ്. ചരിത്രവും അത് വളരെ പുരാതനമായൊരു സ്ഥലമാണെന്ന് സാക്ഷി പറയുന്നു. സർ വില്യം മ്യൂർ 'ലൈഫ് ഓഫ് മുഹമ്മദിൽ' പറയുന്നു: "മക്കയിലെ മതത്തിന്റെ വലിയ പ്രമാണങ്ങളെ അങ്ങേയറ്റം പുരാതനമായൊരു കാലഘട്ടവുമായി ബന്ധിപ്പിക്കേണ്ടി വരുന്നു. ഹീറോ ഡോട്ടസ് ഗ്രീസ്സിലെ പ്രസിദ്ധനായ ഭൂമിശാസ്ത്ര ചരിത്രകാരൻ പേരെടുത്ത് കഅ്ബയെ കുറിച്ച് പറഞ്ഞിട്ടില്ലെങ്കിലും അറബികളുടെ വലിയ ദേവതമാരിൽനിന്ന് ഒരു ദേവതയായ ഇലാലാത്തിനെക്കുറിച്ച് പറയുന്നുണ്ട്.(അതായത് ദൈവങ്ങളുടെ ദൈവം). ഇത് മക്കയിൽ ഒരു അസ്തിത്വത്തെ, വലിയ വലിയ ബിംബങ്ങളുടേയും ദൈവമായി വിശ്വസിച്ചിരുന്ന ഒരു അസ്തിത്വത്തെ ആരാധിച്ചിരുന്നുവെന്നതിനുള്ള തെളിവാണ്."

പിന്നീട് എഴുതിയിരിക്കുന്നു, ക്രിസ്തുവിനു 50 വർഷം മുമ്പേ ഇഹലോവാസം വെടിഞ്ഞ ഡേവിഡ് വേഴ്സ് സ്കോൽസ് എന്ന ചരിത്രകാരനും എഴുതുന്നു:അറേബ്യയുടെ ചെങ്കടൽ തീരത്തുള്ള ഭാഗത്ത് ഒരു ആരാധനാലയമുണ്ട്. അതിനെ അറബികൾ ഒരുപാട് ആദരിച്ചിരുന്നു.*(ദീബാച്ച ലൈഫ് ഓഫ് മുഹമ്മദ് 103/ര.11)*

തുടർന്നെഴുതുന്നു:ഇതെപ്പോഴാണ് നിർമിച്ചതെന്ന് പൗരാണിക ചരിത്രങ്ങളിൽനിന്ന് മനസ്സിലാകുന്നില്ല. അതായത് ഇത് എത്രമാത്രം പഴക്കമുള്ളതാണെന്നാൽ, അതുണ്ടെന്നുള്ളതിനെ കുറിച്ച് പറയുന്നുണ്ട്. എന്നാൽ, അതു നിർമിച്ചതെപ്പോഴാണെന്ന് അറിയില്ല. ഇതു തികച്ചും അൽബയ്ത്തുൽഅത്തീഖ് ന്റെ സാരമാണ്. അത് മറ്റു വാക്കുകളിൽ പ്രകടിപ്പിക്കപ്പെട്ടിരിക്കുന്നു.

പിന്നീടെഴുതുന്നു: അത് അമാലേക് പുനർനിർമിച്ചതാണെന്ന് ചില ചരിത്രങ്ങളിൽനിന്ന് മനസ്സിലാകുന്നുണ്ട്. അദ്ദേഹം കുറച്ചുകാലംവരെ അതിന്നടുത്ത് താമസിച്ചു. അമാലേക് ഹദ്റത്ത് മൂസായുടെ കാലഘട്ടത്തിൽ നശിച്ചിരുന്നുവെന്ന് താറാത്തിൽനിന്ന് മനസ്സിലാകുന്നുണ്ട്.*(പുറപ്പാട് 17:8-16) (സംഖ്യാപുസ്തകം 24;20)* അതായത് ഹദ്റത്ത് മൂസാ(അ)യുടെ കാലഘട്ടത്തിനും വളരെ മുമ്പേ അമാലേക് അത് പിടിച്ചടക്കിക്കഴിഞ്ഞിരുന്നു. അയാളും അതിന്റെ സ്ഥാപകനായിരുന്നില്ല. പ്രത്യുത ഈ ഭവനം അയാളെക്കാൾ മുമ്പേ നിർമിക്കപ്പെട്ടു കഴിഞ്ഞിരുന്നു. അതിന്റെ പരിശുദ്ധിയിൽ വിശ്വസിച്ചുകൊണ്ട് അദ്ദേഹം അതിനെ പുനർനിർമിച്ചിരുന്നു. ചരിത്രപരമായ തെളിവുകളുടെ അടിസ്ഥാനത്തിലും ബയ്ത്തുല്ലാഹ് ബയ്ത്തുൽ അത്തീഖായത് സ്ഥാപിക്കപ്പെട്ടു കഴിഞ്ഞ ഒരു യാഥാർഥ്യമാണ്.

ഈ അവസരത്തിൽ ഹദ്റത്ത് മുഹ്‌യുദ്ദീൻ ബിൻ അറബിയുടെ ഒരു ജാഗ്രദർശനത്തെ കുറിച്ച് വിവരിക്കുന്നതും ആവശ്യമായി മനസ്സിലാക്കുന്നു. അത് അദ്ദേഹം തന്റെ ഗ്രന്ഥമായ പുത്തൂഹാത്തെ മക്കിയ വാള്യം 3-ൽ വിവരിച്ചിട്ടുള്ളതാണ്. ഒരിക്കൽ ജാഗ്രദർശനാവസ്ഥയിൽ അദ്ദേഹം കണ്ടു, ഞാൻ ബയ്ത്തുല്ലാഹ് ത്വവാഫു ചെയ്തുകൊണ്ടിരിക്കുകയാണ്. എന്നോടൊപ്പം കുറെ ആളുകളുമുണ്ട്. അവരും ത്വവാഫു ചെയ്തുകൊണ്ടിരിക്കുന്നു. എന്നാൽ, അവർ കുറച്ച് അന്യരാണ്. അവരെ എനിക്കറിയുകയില്ല. പിന്നീട് അദ്ദേഹം രണ്ടുവരി പദ്യം ചൊല്ലി. അവയിലെ ഒരു വരി അദ്ദേഹം മറന്നുപോയി. എന്നാൽ, രണ്ടാമത്തേത് ഓർമയുണ്ട്.

**ലഖദ് ത്വുഫ്നാ കമാ ത്വുഫ്ത്തും സിനീന**

**ബി ഹാദൽ ബയ്ത്തി ത്വുർറൻ അജ്മയീനാ**

അതായത് ഇന്ന് നിങ്ങൾ പ്രദക്ഷിണം വെക്കുന്നതുപോലെ ഞങ്ങളും ഈ പരിശുദ്ധ ഭവനത്തെ വർഷങ്ങളോളമായി ത്വവാഫു ചെയ്തുകൊണ്ടിരിക്കുകയാണ്.

അദ്ദേഹം പറയുന്നു: എനിക്കിതിൽ വലിയ അത്ഭുതം തോന്നി. പിന്നീട് അവരിൽ നിന്നൊരാൾ എന്നോടു തന്റെ പേരു പറഞ്ഞു. എന്നാൽ, ആ പേരും എനിക്കൊട്ടും പരിചയമില്ലാത്തതായിരുന്നു. ഇതിനുശേഷം അയാൾ എന്നോടു പറഞ്ഞു: ഞാൻ നിങ്ങളുടെ പിതാക്കളിലും പ്രപിതാക്കളിലും പെട്ടവനാകുന്നു. നിങ്ങൾ മരിച്ചിട്ട് എത്രവർഷം കഴിഞ്ഞെന്ന് ഞാനയാളോടു ചോദിച്ചു. നാൽപതിനായിരം വർഷത്തിലേറെയായിരിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു. ആദം വന്നിട്ട് ഇത്രയും കൊല്ലമായിട്ടില്ലല്ലോ? അയാൾ ചോദിച്ചു, താങ്കളേതു ആദമിനെ കുറിച്ചാണ് പറയുന്നത്? നിങ്ങളുടെ കാലത്തിന്നടുത്തുവന്ന ആദമിനെക്കുറിച്ചാണോ? അതല്ല മറ്റേതെങ്കിലും ആദമിനെക്കുറിച്ചോ? അദ്ദേഹം പറയുന്നു:അപ്പോളുടനെ നബി(സ)തിരുമേനി, അല്ലാഹു ഒരു ലക്ഷം ആദമിനെ സൃഷ്ടിച്ചുവെന്ന് പറഞ്ഞ ഹദീഥ് എനിക്കോർമവന്നു. അപ്പോൾ ഞാൻ മനസ്സിലാക്കി എന്റെ പ്രപിതാക്കളിൽപ്പെട്ട ഇദ്ദേഹവും അവരിലൊരു ആദമുമായി ബന്ധം വെക്കുന്ന ആളാണ്."*(ഫുത്തൂഹാത്തെ മക്കിയ, വാള്യം 3, ബാബ് 390, പേജ് 549)*

ഹദ്റത്ത് മുഹ്‌യുദ്ദീൻ ഇബ്നു അറബി(റഹ്)യുടെ ഈ കശ്ഫും വിളിച്ചോതുന്നത് ബയ്ത്തുല്ലാഹ് അങ്ങേയറ്റം പുരാതനമായ കാലഘട്ടത്തിൽ ലോകത്തിന്റെ കേന്ദ്രവും ജനങ്ങളുടെ സന്മാർഗത്തിനുള്ള ഒരു മാർഗവും ആയിക്കൊണ്ടിരുന്നുവെന്നാണ്. ഇപ്രകാരം ഈ ലോകവും ലക്ഷക്കണക്കിന് വർഷങ്ങളായി നടന്നുവരുന്നു. അങ്ങനെ ഇന്നേക്ക് ആയിരക്കണക്കിന് വർഷങ്ങൾക്കുമുമ്പേയും ആളുകൾ ഇന്നു നമ്മൾ ത്വവാഫു ചെയ്തുകൊണ്ടിരിക്കുന്നതുപോലെ ഈ പരിശുദ്ധ ഭവനത്തെ പ്രതിക്ഷണം ചെയ്തിരുന്നു. ഈ യാഥാർഥ്യമാണ് വിശുദ്ധ ഖുർആൻ ഇതു അൽബയ്ത്തുൽ അതീഖാണെന്ന് വിവരിച്ചിട്ടുള്ളത്. അത് പുരാതന കാലം മുതലെ അല്ലാഹുവിന്റെ പ്രകാശങ്ങളുടേയും ബർക്കത്തുകളുടേയും ദിവ്യജ്യോതിസ്സിന്റെ ദർശന സ്ഥലമായിരുന്നു. ഖിയാമത്തുന്നാൾവരെ ലോകത്തിന് ഒരു കേന്ദ്രത്തിൽ സംഘടിച്ചിരിക്കാൻ മാർഗമായിക്കൊണ്ടിരിക്കുകയും ചെയ്യും." *(തഫ്സീറെ കബീർ, വാള്യം 6, പേജ് 36, പ്രസാധനം ഖാദിയാൻ 2010)*


## ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്

**നിങ്ങളുടെ സൃഷ്ടികൾ**
**ഞങ്ങൾക്കു അയച്ചു തരിക!!!**

പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തന സൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com**

ക്യൂആർ കോഡ്
സ്കാൻ ചെയ്യൂ...
ഞങ്ങളുടെ വെബ്സൈറ്റ്
സന്ദർശിക്കൂ...

**The Weekly BADR Qadian (Malayalam)**

# വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന്റെ സത്യസാക്ഷ്യം

## ശത്രുക്കളുടെ നാശത്തിന്റെ വെളിച്ചത്തിൽ

(കഴിഞ്ഞ ലക്കം തുടർച്ച......)

തന്നെ പിന്തുണച്ചുകൊണ്ട് അല്ലാഹുവിന്റെ അടയാളങ്ങൾ എത്രത്തോളം വെളിപ്പെടുന്നുവെന്നും എത്രത്തോളം അയാൾക്ക് സഹായമുണ്ടായെന്നും സാധാരണക്കാരെ അപേക്ഷിച്ച് അയാൾക്ക് എന്ത് വ്യത്യാസമാണ് പ്രദാനം ചെയ്യപ്പെട്ടതെന്നുമുള്ള കാര്യത്തിൽ ഇലാഹി ബഖ്ശ് കുറച്ചു ചിന്തിച്ചിരുന്നെങ്കിൽ അയാൾ നാശത്തിൽ അകപ്പെടുമായിരുന്നില്ല. ഇപ്പോൾ വളരെ വിഷമത്തോടെ പറയേണ്ടിവരുന്നു അയാൾ തന്റെ മരണത്തിനുശേഷം കളവിന്റേയും കറ്റുകെട്ടിന്റേയും കൂമ്പാരം തന്നെയാണ് വിട്ടുംവെച്ചുപോയത്. 'തന്റെ ജീവിതത്തിൽത്തന്നെ ഈ വ്യക്തി പ്ലേഗ് ബാധിച്ച് മരിക്കുമെന്നും അയാളുടെ എല്ലാ ജമാഅത്തും ഛിന്നഭിന്നമായി പോകുമെന്നും' എന്നെ സംബന്ധിച്ച് അയാൾ ഇൽഹാം അതവരിപ്പിച്ചിരുന്നു. പക്ഷേ, അയാൾ സ്വയം പ്ലേഗ് ബാധിച്ച് മരിച്ചതാണ് നേരിൽകണ്ടത്. എന്റെ നാശം കാണാത്തിടത്തോളം താൻ മരിക്കുകയില്ലെന്നായിരുന്നു അയാളുടെ വാദം. എന്നാൽ, അയാളുടെ വ്യാജമായ ഇൽഹാമിനുശേഷം പല ലക്ഷങ്ങൾവരെ എന്റെ അനുയായികൾ വർധിച്ചതായി അയാൾ സ്വന്തം കണ്ണുകൊണ്ട് കണ്ടു. അത്തരം ഇൽഹാം അയാൾ പ്രസിദ്ധീകരിക്കാൻ തുടങ്ങിയപ്പോൾ എന്റെ ജമാഅത്തിന്റെ അംഗസംഖ്യ നാല്പതിലധികമായിരുന്നില്ല. പിന്നീട് നാലുലക്ഷംവരെ എത്തി. തന്റെ പരാജയം എല്ലാ വിധത്തിലും കാണാതെ അയാൾ മരിച്ചില്ല; എന്റെ വിജയവും. എനിക്കെതിരെ എതിരാളികൾ കൊടുത്തിരുന്ന എല്ലാ ഓരോ കേസിലും തന്റെ വ്യാജമായ ഇൽഹാമുകൾ മുഖേന അയാൾ വിചാരിച്ചിരുന്നത് ഞാൻ ശിക്ഷിക്കപ്പെട്ട് വേദനാജനകമായ നരകത്തിൽ അകപ്പെടുമെന്നായിരുന്നു. അങ്ങനെതന്നെയാണ് അയാൾക്ക് ഇൽഹാം ഉണ്ടായിരുന്നതും. അവ അയാൾ തന്റെ സുഹൃത്തുക്കളിൽ പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ, അല്ലാഹു എല്ലാ ഓരോ കേസിലും ആദരവോടുകൂടി എന്നെ സ്വതന്ത്രനാക്കിക്കൊണ്ടിരുന്നു. അവസാനം കഠിനമായ പരാജയത്തോടെ അയാൾ മരിക്കുന്നു. അയാൾക്ക് പ്ലേഗ് ബാധിക്കുകയും മരണം മുന്നിൽ കാണുകയും ചെയ്തപ്പോൾ തനിക്കുണ്ടായ എല്ലാ ഇൽഹാമുകളും ശയ്ത്വാനിയായിരുന്നുവെന്ന് അയാൾ മനസ്സിലാക്കിയിട്ടുണ്ടാകും എന്നതിൽ സംശയമില്ല. താൻ തെറ്റിലായിരുന്നുവെന്ന് ആ നേരത്ത് അയാൾക്ക് ഓർമ വന്നിട്ടുണ്ടാകും. ഇത്രമാത്രം വഞ്ചിക്കപ്പെട്ടിട്ടും എനിക്ക് വരുമെന്ന് പറഞ്ഞ പ്ലേഗിൽ താൻതന്നെ അകപ്പെടുന്നത് കണ്ടിട്ടും എന്റെ വിജയങ്ങളെ തന്റെ അവസാനനിമിഷത്തിൽ ഭാവനയിൽ കൊണ്ടുവന്നും അയാൾ തന്റെ ആദ്യ അവസ്ഥയിൽത്തന്നെ നിലനിന്നുവെന്ന് കരുതുന്നത് ബുദ്ധിപരമാകുകയില്ല.

താൻ മൂസയാണെന്ന് വാദിച്ചിരുന്നുവെന്നും തന്റെ ഗ്രന്ഥത്തിന് മൂസായുടെ വടിയെന്ന് പേരുവെച്ചിരുന്നുവെന്നും ഈ വടി മസീഹ് മൗഊദ് എന്ന് വാദിക്കുന്നയാളെ നശിപ്പിക്കുമെന്നു പറഞ്ഞതുമൊക്കെ അയാൾക്ക് ഓർമവന്നിട്ടുണ്ടാകും. മസീഹ് മൗഊദ് എന്ന് വാദിക്കുന്ന ആളെക്കുറിച്ച് താൻ തന്റെ ഗ്രന്ഥമായ 'അസ്വായെമൂസാ'യിൽ തന്റെ ജീവിതകാലത്ത് അയാൾ പ്ലേഗ് ബാധിച്ചു നശിക്കുവാൻ പ്രവചനം ചെയ്തിരുന്നുവെന്നും അയാൾ ഓർത്തിട്ടുണ്ടാകും. തന്റെ ശത്രുവിനെ നശിപ്പിക്കാത്തിടത്തോളം താൻ മരിക്കുകയില്ലെന്ന് അതേ ഗ്രന്ഥത്തിൽ പ്രവചിച്ചിരുന്നുവെന്നും എന്ന കാര്യവും അയാൾക്ക് ഓർമവന്നിട്ടുണ്ടാകും. അപ്പോൾ പ്ലേഗ് അയാളെ പിടിച്ച സ്ഥിതിക്ക് അയാൾക്ക് എത്രമാത്രം വേദനയും വിഷമവും ഉണ്ടായിട്ടുണ്ടാകുമെന്ന് എല്ലാ ഓരോ മനുഷ്യനും ചിന്തിക്കാവുന്നതേയുള്ളൂ. ഇത്രമാത്രം പരാജയമുണ്ടായിട്ടും, അയാളുടെ എല്ലാ ഇൽഹാമുകളും കളവായിരുന്നുവെന്ന് പരസ്യമായിട്ടും പ്ലേഗ് പിടിച്ച്, നേരിട്ട് താൻ മൂസയായാണെന്ന് വാദിച്ചതിൽ ദൃഢവിശ്വാസമുണ്ടായിരുന്നുവെന്ന് ആർക്കാണ് വിശ്വസിക്കാൻ കഴിയുക? ഇല്ല, ഇല്ല, ഒരിക്കലുമില്ല. പ്രസ്തുത പ്ലേഗ് അയാളുടെ എല്ലാ ചിന്താഗതികളേയും തുണ്ടം തുണ്ടമാക്കി കളഞ്ഞിട്ടുണ്ടാകും. അയാൾ തെറ്റിലായിരുന്നുവെന്നുള്ള മുന്നറിയിപ്പും നല്കിയിട്ടുണ്ടാകും. അയാൾ ഈ വൃത്തികെട്ട ചിന്താഗതികളിൽ നിലകൊള്ളുകയില്ലെന്ന് ഈ സംഭവത്തിന് ഒരുപാടുമുമ്പേ എനിക്ക് അല്ലാഹു വെളിപ്പെടുത്തിതന്നിരുന്നു; അവസാനം ഈ ചിന്താഗതികളിൽ നിന്നൊക്കെ പിന്മാറുമെന്നും. അയാൾക്ക് അപ്രതീക്ഷിതമായി പ്ലേഗിന്റേയും അകാലമരണത്തിന്റേയും ദൃശ്യം നേരിടേണ്ടിവന്നപ്പോൾ ഇത് അകാലത്തിലും തന്റെ വാദത്തിനെതിരിലുമാണെന്ന് അയാൾക്ക് നല്ലവണ്ണം അറിയാമായിരുന്നു. ഒരു സംശയവുമില്ല. ആ ദൃശ്യം തന്റെ എല്ലാ ഇൽഹാമുകളും ശയ്ത്വാനീ ആയിരുന്നുവെന്ന് അയാൾക്ക് ഉറപ്പുനല്കിയിട്ടുണ്ടാകും; ഈ സ്ഥിതിയിൽ ചികിത്സയില്ലാത്ത ദുരനുഭവത്തോടുകൂടി അയാൾ മനസ്സിലാക്കിയിട്ടുണ്ടാകും, താൻ തെറ്റിലായിരുന്നുവെന്നും താൻ എന്തൊന്ന് മനസ്സിലാക്കിയോ അത് അല്ലാഹുവിൽ നിന്നുള്ളതല്ലെന്നും; അങ്ങനെ മനസ്സിലാക്കുക എന്നത് അയാൾക്ക് നിർബന്ധമായിരുന്നുവെന്ന്! അത് നാം പിന്നീട് വിവരിക്കുന്നതായിരിക്കും. കാരണം മരണത്തിന്റെ ദൃശ്യം അയാളുടെ ഇൽഹാമിയായ വാക്യങ്ങൾ ക്ഷണത്തിൽ എങ്ങനെ നിരർഥമായി സ്ഥാപിതമായെന്നാൽ, അപ്രതീക്ഷിതമായ നിലയിൽ ഒരു ഭിത്തി ഇടിഞ്ഞുപൊളിഞ്ഞു വീഴുന്നതുപോലെ! ഇത് അയാൾക്ക് താൻ ഇനി പ്ലേഗിൽനിന്ന് രക്ഷപ്പെടുമെന്ന വിചാരം ഉണ്ടായിട്ടുണ്ടാകുമെന്ന് കരുതാൻ നിർവാഹമില്ല. കാരണം 1907 ഏപ്രിൽ 7 - നാണ് അയാൾ മരിച്ചത്. അതിനുമുമ്പേ തീവ്രമായതും നാശകരവുമായ പ്ലേഗ് ലാഹോറിലുണ്ടായിരുന്നു; ചില ദിനങ്ങളിൽ ഇരുന്നൂറിലധികമാളുകൾ മരിച്ചിരുന്നു. അയാളുടെ ഒരു ബന്ധു ഇതിന് ഒരു ദിവസം മുമ്പേ പ്ലേഗ് ബാധിച്ച് മരിച്ചിരുന്നു. അവന്റെ ജനാസയിൽ പോയാണ് ഇയാൾ പ്ലേഗ് വാങ്ങിവന്നത്. അതിനാൽ ഈ നാശകരമായ രോഗത്തിൽനിന്ന് താൻ രക്ഷപ്പെടുമെന്ന് ആർക്കാണ് പറയാൻ കഴിയുക. എന്നല്ല അക്കാലത്ത് ആയിരക്കണക്കിനാളുകൾ പ്ലേഗ് ബാധിച്ചാലുടൻതന്നെ ബന്ധുക്കൾക്കുവേണ്ടി വസ്വിയ്യത്ത് എഴുതിവെക്കുമായിരുന്നു. പ്ലേഗിൽ അകപ്പെടുന്നതോടൊപ്പംതന്നെ അയാളുടെ സകല മൂലധനവും നദിയിൽ ഒലിച്ചുപോയി. അയാൾ ആയിരക്കണക്കിന് മരിച്ചവരെ ഓർത്തും പ്രത്യേകിച്ചും യഅ്ഖൂബിന്റെ മരണം ഭാവനയിൽ കൊണ്ടുവന്നും താൻ തീർച്ചയായും മരിക്കുമെന്ന് മനസ്സിലാക്കിയിട്ടുണ്ടാകും. അത്തരം അവസ്ഥയിൽ താൻ മൂസയാണെന്ന വാദത്തിൽ എങ്ങനെ നിലകൊള്ളാനാണ്? അയാൾ തന്റെ ചീത്തയായ വിശ്വാസത്തെ കൂടെ കൊണ്ടുപോയില്ല എന്നത് അല്ലാഹുവിന്റെ കാരുണ്യമാണ്. അല്ലാഹു അയാളുടെ കഴുത്തുപിടിച്ച് അതിൽനിന്ന് പിന്തിരിപ്പിച്ചു. അല്ലാഹു പറഞ്ഞ ***വ ഇൻമിൻ അഹ്‌ലിൽ കിതാബി ഇല്ലാ ല യുഅ്മിനന്ന ബിഹി ഖബ്‌ല മൗതിഹി*** എന്ന ആളുകളിൽ പ്രവേശിച്ചു.

### മഹത്തായ വിജയം

അമേരിക്കയിലെ കള്ളപ്രവാചകൻ എന്റെ പ്രവചനമനുസരിച്ച് നാശമടഞ്ഞു.

ഉപര്യുക്ത ശീർഷകത്തിൽ സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) എഴുതി: ശീർഷകത്തിൽ പേരു പറഞ്ഞിട്ടുള്ള ഈ വ്യക്തി ഇസ്‌ലാമിന്റെ കഠിനശത്രുവായിരുന്നു. അയാൾ കള്ളനുബുവ്വത്ത് വാദം പുറപ്പെടുവിച്ചതിനു പുറമെ ഹദ്റത്ത് സയ്യിദുന്ന ബിയ്യീനും അസ്വദഖുസ്സ്വാദിഖീനും ഖയ്റുൽമുർസലീനും ഇമാമുത്ത്വയ്യിബീനുമായ ജനാബ് മുഹമ്മദു മുസ്തഫാ(സ)തിരുമേനിയെ ചീത്തവിളിച്ചിരുന്നു. ദീനിനോടുള്ള വിദ്വേഷം കാരണത്താൽ അയാളുടെ ഉള്ളിൽ അങ്ങേയറ്റം വൃത്തികെട്ട സ്വഭാവങ്ങൾ കുമിഞ്ഞുകൂടിയിരുന്നു. പന്നികളുടെ മുമ്പിൽ മുത്തുകൾക്ക് ഒരു വിലയുമില്ലാത്തതുപോലെ അയാൾ ഇസ്‌ലാമിന്റെ തൗഹീദിനെ വളരെ നിന്ദാദൃഷ്ടിയോടെ നോക്കിയിരുന്നു. അതിന്റെ നാശം ആഗ്രഹിച്ചിരുന്നു. ഹദ്റത്ത് ഈസായെ ദൈവമെന്ന് വിശ്വസിച്ചിരുന്നു. ത്രിയേകത്വം ലോകം മുഴുവൻ പ്രചരിപ്പിക്കുന്നതിനുവേണ്ടി ആവേശം കൊണ്ടിരുന്നു; ഞാൻ പാതിരിമാരുടെ നൂറുക്കണക്കിന് ഗ്രന്ഥങ്ങൾ കണ്ടിട്ടുണ്ട്. എന്നാൽ, ഇത്തരത്തിലുള്ള 'തീവ്രമായ ആവേശം' അവിടെ ഒന്നും കണ്ടിട്ടില്ല. 1903 ഡിസംബർ 19 നും 1907 ഫെബ്രുവരി 14നും തന്റെ ലീവ്സ് ഓഫ് ഹീലിംഗ് എന്ന പത്രത്തിൽ ഇങ്ങനെ ഒരു വാക്യം കാണാം.

'ഞാൻ ദൈവത്തോടു, ഇസ്‌ലാം ലോകത്തുനിന്ന് ഉന്മൂലനം ചെയ്യപ്പെടുന്ന ആ നാൾ വേഗം കൊണ്ടുവരാൻ പ്രാർഥിക്കുകയാണ്. അല്ലയോ ദൈവമേ! നീ അങ്ങനെതന്നെ ചെയ്താലും. അല്ലയോ ദൈവമേ! ഇസ്‌ലാമിനെ നശിപ്പിച്ചാലും.'

പിന്നീട് തന്റെ പത്രത്തിൽ 1903 ഡിസംബർ 12- ന് താൻ സത്യവാനായ റസൂലാണെന്നും സത്യവാനായ നബിയാണെന്നും പറഞ്ഞുകൊണ്ടെഴുതി: 'ഞാൻ സത്യവാനായ നബി അല്ലെങ്കിൽ ഭൂമിലോകത്ത് അല്ലാഹുവിന്റെ നബിയായി ഒരാളും വന്നിട്ടില്ല.'

ഇതിനു പുറമെ കടുപ്പമേറിയ അന്യാരാധകനുമായിരുന്നു. 25 വർഷത്തിനുള്ളിൽ യേശുമിശിഹ ആകാശത്തുനിന്ന് ഇറങ്ങിവരുമെന്ന് തനിക്കു ഇൽഹാം ഉണ്ടായിക്കഴിഞ്ഞിട്ടുണ്ടെന്ന് പറയുമായിരുന്നു. ഹദ്റത്ത് ഈസായെ യഥാർഥത്തിൽ ദൈവമായി വിശ്വസിച്ചിരുന്നു. അതിനോടൊപ്പം എന്റെ മനസ്സിനെ വിഷമിപ്പിച്ച മറ്റൊരു കാര്യം ഇതായിരുന്നു; ഞാനെഴുതിക്കഴിഞ്ഞതുപോലെ അയാൾ നമ്മുടെ നബി(സ)തിരുമേനിയുടെ കഠിനശത്രുവായിരുന്നു. ഞാൻ അയാളുടെ പത്രമായ ലീവ്സ് ഓഫ് ഹീലിംഗ് വാങ്ങിയിരുന്നു. അയാളുടെ ദുർഭാഷണത്തെക്കുറിച്ച് എനിക്ക് അറിയിപ്പ് ലഭിക്കുന്നുണ്ടായിരുന്നു. അയാളുടെ അഹങ്കാരം മൂർധന്യാവസ്ഥയിലെത്തിയപ്പോൾ, ഞാൻ ഇംഗ്ലീഷിൽ ഒരു കത്ത് അയാൾക്ക് അയച്ചു. മുബാഹല ചെയ്യാൻ അഭ്യർഥിച്ചു. 'നമ്മളിലാരാണോ കള്ളവാദി അവനെ സത്യവാന്റെ ജീവിതകാലത്ത് അല്ലാഹു

ശേഷം പേജ് 11ൽ

# സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്‌രിഹിൽ അസീസിന്റെ ജർമൻ പര്യടനം

വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര

(കഴിഞ്ഞലക്കം തുടർച്ച.....)

ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ ജൽസക്കായി വരുന്നവർ ഈ ദിനങ്ങളിൽ സ്വയം വിലയിരുത്തുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽ നിന്നാഗ്രഹിക്കുന്ന നിലവാരം കരസ്ഥമാക്കാൻ നമ്മൾ എത്രകണ്ട് പരിശ്രമിക്കുന്നുണ്ടെന്ന് നോക്കുക. ജൽസയുടെ ദിനങ്ങളിൽ കൈവന്നിരിക്കുന്ന ഈ അന്തരീക്ഷം അല്ലാഹു നമുക്കുവേണ്ടി ഏർപ്പെടുത്തിയതാണ്. അല്ലാഹുവിനോടുള്ള കടമകളും അവന്റെ ദാസന്മാരോടുള്ള കടമകളും നിർവഹിച്ചു കൊണ്ടുള്ള കർമപരമായ പ്രകടനം ഇതിലൂടെ സാധ്യമാകുന്നതായിരിക്കും. തുടർന്ന് കർമപരമായ ഈ പ്രകടനങ്ങളെ ജീവിതത്തിന്റെ സ്ഥായിയായ ഭാഗമാക്കാൻ ശ്രമിക്കേണ്ടതാണ്. ഇൻശാഅല്ലാഹ്! ഈ മാസത്തിന്റെ അവസാനം റമളാനും ആരംഭിക്കുകയാണ്. ഇതു കർമപരമായ സംസ്കരണത്തിന്റെ മാസമാണ്. ഈ ദിനങ്ങളിലെ അനുഗ്രഹങ്ങളെ അനുഗൃഹീത റമളാൻ മാസത്തിന്റെ ശ്രേഷ്ഠതരമായ അനുഗ്രഹങ്ങളുമായി ബന്ധിപ്പിക്കാൻ ശ്രമിക്കുക. എന്നാൽ, മഹത്തരമായൊരു ആത്മീയ വിപ്ലവം നമ്മളിൽ സൃഷ്ടിക്കാൻ സാധിക്കുന്നതാണ്. ഈ നിശ്ചയത്തോടെ ജൽസക്കായി വരാതിരുന്നാൽ അഥവാ ഈ നാളുകളിൽ ഒരു മാറ്റവും സൃഷ്ടിക്കാൻ സാധിക്കാതെ വന്നാൽ അല്ലെങ്കിൽ അതിനുവേണ്ടി ശ്രമിക്കാതിരുന്നാൽ, അപ്പോൾ ഇതിൽ പങ്കെടുക്കുന്നതും പങ്കെടുക്കാതിരിക്കുന്നതും ഒരുപോലെയായായിരിക്കും. എന്നല്ല, ചില അവസരങ്ങളിൽ അത് കോട്ടങ്ങൾക്കും കാരണമാകുന്നതാണ്. ഒരു കൂട്ടം വീഴ്ചകൾക്കും കാരണമായിത്തീരും.

ഹുദൂർ അൻവറിന്റെ ഈ ജുമുഅ ഖുത്ബ യുടെ പൂർണരൂപം ബദ്ർ ഉർദു പത്രത്തിന്റെ 2014 ജൂലൈ 17-ാം തിയതിയിലെ ലക്കത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഉച്ച കഴിഞ്ഞ് 03.05-ന് ഹുദൂറിന്റെ ജുമുഅ ഖുത്ബ അവസാനിച്ചു. ജുമുഅ നമസ്കാരത്തോടൊപ്പം അസ്വ്ർ നമസ്കാരവും ജംആക്കി നിർവഹിച്ചു. തുടർന്ന് താമസസ്ഥലത്തേക്ക് ഹുദൂർ മടങ്ങി.

എം.ടി.എ ഇന്റർനാഷണൽ ഈ ഖുത്ബ തൽസമയം സംപ്രേഷണം ചെയ്തിരുന്നു. താഴെ പറയുന്ന ഭാഷകളിൽ അതിന്റെ തർജമയും സംപ്രേഷണം ചെയ്തിരുന്നു. ഇംഗ്ലീഷ്, അറബ്, ഫ്രഞ്ച്, ബംഗ്ല, ജർമൻ, ഫാർസി, തുർക്കി, ബൾഗേറിയൻ, ബോസ്നിയൻ, അൽബേനിയൻ, റഷ്യൻ.

അറബ്, ഫ്രഞ്ച്, ബംഗ്ല ഭാഷകളിൽ എം.ടി.എയിലൂടെ സംപ്രേഷണവും ചെയ്യപ്പെട്ടു. റേഡിയോ മാർഗേണയും ജൽസാ പരിപാടികൾ ഉർദു, ജർമൻ ഭാഷകളിൽ തൽസമയം സംപ്രേഷണം ചെയ്തിരുന്നു. വൈകുന്നേരവും ഹുദൂർ ഓഫീസ് സംബന്ധമായ പ്രവൃത്തികളിൽ മുഴുകി.

രാത്രി 08.00 മണിക്ക് ഹുദൂർ ഓഫീസിൽവന്നു. വിദേശ രാജ്യങ്ങളിൽനിന്നു വന്ന വ്യക്തികളും സംഘങ്ങളുമായുള്ള കൂടിക്കാഴ്ചകൾ നടന്നു.

വിദേശരാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികൾ ഹുദൂറിനെ കാണുന്നു: ഏറ്റവുമാദ്യം ബൾഗേറിയായിൽ നിന്നുവന്ന പ്രതിനിധി വക്കീൽ ഇവാൻ ഗ്രൂയിക്കിൻ സാഹിബാണ് ഹുദൂറുമായി കൂടിക്കാഴ്ച നടത്തിയത്. ബൾഗേറിയായിൽ ജമാഅത്തിന്റെ രജിസ്ട്രേഷന്റെ പ്രശ്നം ഇപ്പോൾ യൂറോപ്യൻ കോടതിയിലാണ്. ഇവാൻ സാഹിബ് ഈ കേസ് ജമാഅത്തിന്റെ ഭാഗത്തുനിന്ന് വാദിക്കുന്നു.

**വക്കീൽ ഇവാൻ ഗ്രൂയിക്ക്:** ഇവിടെ ജൽസയിൽ പങ്കെടുത്തതിൽ വളരെ സന്തോഷമുണ്ട്. സാഹോദര്യത്തിന്റേയും സ്നേഹത്തിന്റേയും പ്രകടനം ഇവിടെ കാണുന്നു. പ്രസന്നമായ മുഖങ്ങളെയാണ് എനിക്കിവിടെ കാണാൻ കഴിയുന്നത്. ഹുദൂറിന്റെ ഖുത്ബ കേട്ട് വളരെ സന്തോഷമുണ്ടായി.

നിലവിലുള്ള ബൾഗേറിയൻ സാഹചര്യങ്ങളെക്കുറിച്ച് ഹുദൂർ അദ്ദേഹവുമായി സംസാരിച്ചു.

വക്കീൽ ഇയാൻ ഗ്രൂയിക്ക്: ബൾഗേറിയായിൽ മുസ്‌ലിമീങ്ങളുടെ എണ്ണം പത്തോ പന്ത്രണ്ടോ ശതമാനമാണെങ്കിലും ഭരണകൂടം സംയുക്ത കക്ഷികളുടേതായതുകൊണ്ട് മുഫ്തിമാരുടേയും മറ്റും ആധിപത്യമാണുള്ളത്. ജമാഅത്തിന്റെ രജിസ്ട്രേഷന്റെ കാര്യത്തിൽ എനിക്കു പ്രതീക്ഷയുണ്ട്.

**ഹുദൂർ അൻവർ**: നിയമപരമായ പ്രവർത്തനങ്ങൾ അനുവദനീയമായ അറ്റംവരെ നമ്മൾ ചെയ്യും. അവസാനംവരെ പോകും. നിങ്ങളോടു നന്ദിയുണ്ട്.

08.15-ന് ഈ കൂടിക്കാഴ്ച അവസാനിച്ചു. ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും അദ്ദേഹത്തിന് ഭാഗ്യം കിട്ടി.

പിന്നീട് ക്രൊയേഷ്യായിൽനിന്നും എസ്റ്റോണിയായിൽ നിന്നും വന്ന പ്രതിനിധികൾ ഹുദൂറുമായി കൂടിക്കാഴ്ച നടത്തി:

ക്രൊയേഷ്യായിൽനിന്ന് ഈ വർഷം 4 അംഗങ്ങൾ അടങ്ങുന്ന സംഘമാണ് ജൽസയിൽ പങ്കെടുക്കാനെത്തിയത്. കൃഷി വകുപ്പുമായി ബന്ധമുള്ള ഒരു വ്യക്തി സ്വന്തം പ്രദേശത്തെ സോഷ്യൽ വെൽഫെയർ വകുപ്പിന്റെ കമ്യൂണിറ്റി നേതാവാണ്. ബാക്കി മൂന്നു സ്ത്രീകൾ യൂണിവേഴ്സിറ്റിയിൽ പൊതുനിയമ അഫയേഴ്സിൽ ഇംഗ്ലീഷ് ഭാഷയിൽ മാസ്റ്റർ ഡിഗ്രിക്ക് പഠിക്കുന്നവരാണ്.

കൂടിക്കാഴ്ചകൾക്കിടയിൽ വിദ്യാർഥിനികൾ ഹുദൂറിനോട് ചില ചോദ്യങ്ങളും ചോദിച്ചു. അതിന് മറുപടി ഹുദൂർ നല്കി. ഈ പരിപാടി അരമണിക്കൂറോളം നീണ്ടു. ഇസ്‌ലാം, വിദ്വേഷം, സോഷ്യൽ മീഡിയ രീതികൾ, മതത്തിൽനിന്നുള്ള അകൽച്ചക്ക് കാരണം, ഇസ്‌ലാമിൽ സ്ത്രീകളുടെ സ്ഥാനം, സ്ത്രീകളുടെ അവകാശങ്ങൾ എന്നീ വിഷയങ്ങളിൽ ചോദ്യങ്ങളുണ്ടായി.

**ഒരു വിദ്യാർഥിനി**: ക്രൊയേഷ്യയിൽ മുസ്‌ലിമീങ്ങളുടെ അംഗസംഖ്യ കുറയാൻ കാരണമെന്താണ്? ഇസ്‌ലാമിലേക്കുള്ള ശ്രദ്ധ വളരെ കുറവാണല്ലോ?

**ഹുദൂർ അൻവർ**: ഇതിന്റെ വലിയൊരു കാരണം തീവ്രവാദമാണ്. ഇസ്‌ലാമിന്റെ സ്വച്ഛവും സത്യവുമായ അധ്യാപനങ്ങളെ മറന്നു കളഞ്ഞതാണ്. മുസ്‌ലിമീങ്ങളുടെ ഈ അവസ്ഥ ഉണ്ടായത് പുതിയൊരു കാര്യമല്ല. കാരണം ഇക്കാലഘട്ടത്തെക്കുറിച്ച് നബി(സ)തിരുമേനി ദീർഘദർശനം ചെയ്തിരുന്നു. ഇപ്രകാരം സംഭവിക്കേണ്ടതുതന്നെയായിരുന്നു. നബി(സ)തിരുമേനി പറഞ്ഞു: ഇസ്‌ലാമിൽ ഒരു കാലം വരും. അന്ന് ഇസ്‌ലാമിന്റെ പേരിലുള്ളവർ അതിന്റെ അധ്യാപനങ്ങൾ മറക്കും. മുസ്‌ലിമീങ്ങളുടെ പേരുമാത്രം അവശേഷിക്കും. മസ്ജിദുകൾ ജനനിബിഡമായിരിക്കുമെങ്കിലും അതിൽ സന്മാർഗം ഉണ്ടായിരിക്കുകയില്ല. ഖുർആനിലെ ലിപികൾമാത്രം അവശേഷിക്കും. അവരുടെ പണ്ഡിതന്മാർ ആകാശത്തിൻകീഴിൽ നികൃഷ്ട ജീവികളായിരിക്കും. അതായത് അവർ എല്ലാ തിന്മകളുടേയും ഉറവിടമായിരിക്കും. അപ്പോൾ ഒരു പരിഷ്കർത്താവ് ആഗതരാകും. അദ്ദേഹം എല്ലാവരേയും ഒരുമിച്ചുകൂട്ടും. എല്ലാ മതങ്ങളേയും ഒരു കൈയിൽ സംഘടിപ്പിക്കും. ഇസ്‌ലാമിന്റെ സ്വച്ഛവും യഥാർഥവുമായ അധ്യാപനത്തിന്റെ സന്ദേശം പരത്തും. എല്ലാവരേയും സാഹോദര്യത്തിലും സ്നേഹത്തിലും ആക്കും.

നബി(സ)തിരുമേനിയുടെ സുവാർത്തയനുസരിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) നിയോഗിതരായി. അദ്ദേഹം വാഗ്ദത്ത മസീഹും മഹ്ദിയുമെന്ന നിലയിലാണ് വന്നത്. 1889-ൽ അഹ്മദിയ്യാ ജമാഅത്ത് സ്ഥാപിച്ചു.

വാഗ്ദത്ത മസീഹും മഹ്ദിയുമാണെന്ന വാദം അദ്ദേഹം പുറപ്പെടുവിച്ചപ്പോൾ എല്ലാവരും അദ്ദേഹത്തെ നിഷേധിച്ചു. ഞങ്ങൾ അദ്ദേഹത്തെ സ്വീകരിച്ചു. ഇന്ന് ഞങ്ങളാണ് ഈ കർമഭാരം വഹിക്കുന്നത്. ഇസ്‌ലാമിന്റെ യഥാർഥ സന്ദേശം ലോകത്ത് പ്രചരിപ്പിക്കുന്നത്. അതു കാരണത്താൽ നിങ്ങൾ കാണുന്നതു പോലെ ഞങ്ങളുടെ പ്രവർത്തനങ്ങൾ മറ്റു മുസ്‌ലിമീങ്ങളിൽനിന്നു വ്യത്യസ്തമാണ്. മറ്റു മുസ്‌ലിമീങ്ങളാകട്ടെ അവരുടെ പ്രവർത്തനങ്ങൾ നിങ്ങളുടെ മുമ്പിലുണ്ട്. മുസ്‌ലിം രാജ്യങ്ങളിൽ പ്രകടമാകുന്ന മാതൃകകൾ എല്ലാവരുടേയും മുമ്പിലുണ്ട്. മുസ്‌ലിം രാജ്യങ്ങളുടെ ഭരണകർത്താക്കളും നേതാക്കളും ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കുന്നില്ല. ഇസ്‌ലാമികാധ്യാപന പ്രകാരം ചരിക്കുന്നില്ല. അതു കാരണത്താൽ ഈ രാജ്യങ്ങളെല്ലാം അസ്വസ്ഥതകളാലും ബുദ്ധിമുട്ടുകളാലും വലയം ചെയ്യപ്പെട്ടിരിക്കുന്നു. മറുഭാഗത്ത് അഹ്മദിയ്യാ ജമാഅത്ത് ദിനേന വർധിച്ചുകൊണ്ടിരിക്കുന്നു. പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുന്നു. മുസ്‌ലിമീങ്ങളിൽ നിന്നും മറ്റു മതസ്ഥരിൽനിന്നും അഹ്മദിയ്യത്തിൽ പ്രവേശിക്കുന്നു. ഞങ്ങൾ നിരന്തരം വളർന്നുകൊണ്ടിരിക്കുന്നു.

എനിക്ക് പ്രതീക്ഷയുണ്ട്. ഒരുനാൾ എല്ലാവരുടേയും തെറ്റുധാരണകൾ അകലുകയും ലോകജനത ഇസ്‌ലാം സ്വീകരിക്കുകയും ചെയ്യും.

ഒരു വിദ്യാർഥിനി: വാഗ്ദത്ത മഹ്ദി മസീഹ് ആഗതരായി മുസ്‌ലിമീങ്ങളുടെ ഹൃദയത്തിൽ പരിവർത്തനമുണ്ടാക്കിയോ?

ഹദൂർ അൻവർ: തീർച്ചയായും. അങ്ങനെ തന്നെയാണുണ്ടായത്. അദ്ദേഹം വാഗ്ദത്ത മസീഹ് ആണെന്ന വാദം പുറപ്പെടുവിച്ചപ്പോൾ തനിച്ചായിരുന്നു. ഇഹലോകവാസം വെടിയുമ്പോൾ ഏകദേശം അരമില്യൺ ജനത അദ്ദേഹത്തിൽ വിശ്വസിച്ചു കഴിഞ്ഞിരുന്നു. 99.9 ശതമാനംപേരും മുസ്‌ലിമീങ്ങളിൽനിന്നാണ് വന്നത്. ആ മഹാത്മാവ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവരുടെ ഹൃദയത്തേയും പ്രവൃത്തിയേയും മാതൃകയേയും മാറ്റിമറിച്ചു.

പശ്ചിമാഫ്രിക്കയിൽ ഞങ്ങൾക്ക് വലിയൊരു സാമുദായികവിഭാഗമുണ്ട്. പൂർവാഫ്രിക്കയിലും നമ്മുടെ ജമാഅത്തുണ്ട്. നോർത്ത് അമേരിക്ക, സൗത്ത് അമേരിക്ക, യൂറോപ്പ്, ഫാർ ഈസ്റ്റ് രാജ്യങ്ങൾ, ഇന്തൊനേഷ്യ, പാക്കിസ്താൻ, ഇന്ത്യ തുടങ്ങിയ രാജ്യങ്ങളിൽ നമ്മുടെ അംഗസംഖ്യ വളരെ വലുതാണ്. ലോകത്താകമാനം വ്യാപിച്ചു കിടക്കുന്ന ഈ സമൂഹത്തിന്റെ സ്വഭാവം, മാതൃകകൾ, പ്രവർത്തനങ്ങൾ ഒരേപോലെ തന്നെയാണ്. അഹ്മദിയ്യാ ജമാഅത്തുതന്നെയാണ് ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനം പിന്തുടർന്ന് പ്രവർത്തിക്കുന്നത്.

വിശുദ്ധ ഖുർആൻ എല്ലാവർക്കും വേണ്ടിയുള്ളതാണ്. ഇപ്പോൾ ഈയൊരു ഗ്രന്ഥം മാത്രമാണുള്ളത്. എന്നാൽ, ഇതനുസരിച്ച് പ്രവർത്തിക്കുന്നവരിലാണ് വ്യത്യാസമുള്ളത്. മുല്ലാക്കൾ ഇതിന്റെ അധ്യാപനങ്ങളെ വികൃതമാക്കിക്കളഞ്ഞു. നമ്മൾ അഹ്മദികളാകട്ടെ ഇതിന്റെ യഥാർഥ അധ്യാപനങ്ങളനുസരിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

ഒരു അതിഥി ചോദിച്ചു:ഇക്കാലത്തെ യുവാക്കൾ ഒരു മതവും സ്വീകരിക്കാനാഗ്രഹിക്കുന്നില്ല?

ഹുദൂർ: താങ്കൾക്ക് അഹ്മദി യുവാക്കളെ അങ്ങനെ കാണാൻ സാധിക്കുകയില്ല. മതത്തിനോടു ആളുകൾക്ക് താൽപര്യമില്ലാതായിരിക്കുന്നു. ദൈവാസ്തികൃത്തിൽ വിശ്വാസവുമില്ലാതായിരിക്കുന്നു. പക്ഷേ, എന്നിട്ടും ധാരാളമാളുകൾ അല്ലാഹുവിന്റെ അസ്തിത്വത്തിലും മതത്തിന്റെ ആവശ്യകതയിലും വിശ്വസിക്കുന്നവരാണ്.

ഹുദൂർ പറഞ്ഞു: മറ്റൊരു കാര്യം സൽപ്രകൃതക്കാരായ ആളുകൾ അഹ്മദികളുടെ കർമങ്ങൾ കാണുമ്പോഴും ഇസ്‌ലാമിന്റെ സത്യതയും യഥാർഥ അധ്യാപനവും കാണുമ്പോഴും, അക്കാര്യങ്ങൾ അവരെ സ്വാധീനിക്കുന്നുണ്ട്. ഇപ്രകാരം ധാരാളം ചെറുപ്പക്കാർ വൻതോതിൽ ഞങ്ങളോടൊപ്പം ചേരുന്നുണ്ട്.

മതത്തിന്റേയും ശാസ്ത്രത്തിന്റേയും ഇടയിലുള്ള വൈരുദ്ധ്യങ്ങളെ സംബന്ധിച്ച് ചോദിച്ചപ്പോൾ ഹുദൂർ പറഞ്ഞു: ശാസ്ത്രവും ഖുർആനും തമ്മിൽ ഒരു വൈരുദ്ധ്യവുമില്ല. ബിഗ്ബാഗ് തത്ത്വം ശരിയാണെന്ന് വിശുദ്ധ ഖുർആൻ പറയുന്നു. ബ്ലാക്ഹോൾ ഉണ്ടെന്നും അതു പറയുന്നു. നമ്മുടെ ഭൂമിയും നമ്മുടെ പ്രപഞ്ചവും എങ്ങനെയാണ് നിലവിൽവന്നതെന്ന് വിശുദ്ധ ഖുർആനിൽ പറയപ്പെട്ടിരിക്കുന്നു. ഹുദൂർ ഡോക്ടർ അബ്ദുസ്സലാം സാഹിബിനെ സ്മരിച്ചുകൊണ്ടു പറഞ്ഞു: നേരിട്ടോ അല്ലാതെയോ ശാസ്ത്രവുമായി ബന്ധം വെക്കുന്ന 700 വചനങ്ങൾ വിശുദ്ധ ഖുർആനിലുണ്ടെന്ന് അദ്ദേഹം പറയാറുണ്ടായിരുന്നു.

ന്യൂസിലാൻഡിലെ ക്ലമന്റ് റാഗയെ(Clement Wragge) സ്മരിച്ചുകൊണ്ട് ഹുദൂർ പറഞ്ഞു:മസീഹ് മൗഊദ്[അ]ന്റെ ജീവിതത്തിന്റെ അവസാന വർഷം 1908 മെയ് മാസത്തിൽ ഹദ്റത്ത് മസീഹ് മൗഊദു[അ]മായി അദ്ദേഹം കൂടിക്കാഴ്ച നടത്തിയിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്[അ]നോടു ശാസ്ത്രത്തേയും ഖുർആനേയും സംബന്ധിച്ച് വിവിധ ചോദ്യങ്ങൾ അദ്ദേഹം ചോദിച്ചു. അവ തമ്മിൽ വൈരുധ്യമുണ്ടോ എന്നും ചോദിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്[അ] അദ്ദേഹത്തിന്റെ ചോദ്യങ്ങൾക്കെല്ലാം അവയ്ക്കിടയിൽ ഒരു വൈരുദ്ധ്യുമില്ലെന്ന് മറുപടി നല്കി. അങ്ങനെ ക്ലമെന്റ്റാഗെ സാഹിബ് പൂർണമായും സംതൃപ്തനായി. പിന്നീട് അദ്ദേഹം അഹ്മദിയ്യത്ത് സ്വീകരിക്കുകയും ചെയ്തു.

പുരുഷന്മാരുടേയും സ്ത്രീകളുടേയും അവകാശങ്ങളേയും സമത്വത്തേയും സംബന്ധിച്ച് ചോദിച്ചപ്പോൾ ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: വിശുദ്ധ ഖുർആൻ മനുഷ്യാവകാശം സ്ഥാപിക്കുന്നു. അനന്തരാവകാശം നല്കുന്നു. ഇസ്‌ലാം അതിന്റെ ആരംഭംമുതൽത്തന്നെ അതായത് 1400 വർഷം മുമ്പേതന്നെ ഈ അനന്തരാവകാശം നല്കിത്തുടങ്ങിയതാണ്. ഇപ്രകാരംതന്നെ ത്വലാഖിന്റെ അവകാശം, വേർപിരിയാനുള്ള അവകാശവും നല്കിയിട്ടുണ്ട്. പക്ഷേ, യൂറോപ്പ് ത്വലാഖ് ചെയ്യാനുള്ള അവകാശം കുറച്ചു നൂറ്റാണ്ടുകൾക്ക് മുമ്പേയാണ് നല്കിയത്.

ഇസ്‌ലാം പുരുഷനും സ്ത്രീക്കും നിത്യജീവിതത്തിലെ അവകാശങ്ങൾ തുല്യമായി നല്കുന്നു. ഇപ്പോൾ ലോകത്ത് സ്ത്രീകളുടെ അംഗസംഖ്യ പുരുഷന്മാരെ അപേക്ഷിച്ച് കൂടുതലാണ്. ഇനി പറയുക! ലോകത്ത് എത്ര രാജ്യങ്ങളിലാണ് സ്ത്രീകൾ പ്രസിഡന്റും പ്രധാനമന്ത്രിയുമായിട്ടുള്ളത്? ഇതിന്റെ അർഥം നിങ്ങൾ സ്ത്രീകൾക്ക് അവരുടെ അവകാശങ്ങൾ കൊടുക്കുന്നില്ലെന്നാണ്. തുല്യാവകാശം നല്കുന്നില്ല. ഇസ്‌ലാമാണെങ്കിൽ പുരുഷന്മാർക്കും സ്ത്രീകൾക്കും ഇരുകൂട്ടർക്കും അവരുടെ അവകാശങ്ങൾ നല്കുന്നു. ഇരുവരുടേയും നിർബന്ധ കടമകളും പറയുന്നു.

സ്ത്രീകൾ വിദ്യഭ്യാസവും കരസ്ഥമാക്കുന്നു. പുറത്തുപോയി അവർക്ക് ജോലിയും ചെയ്യാം. പക്ഷേ, പുരുഷൻ നല്ലവണ്ണം സമ്പാദിക്കുന്നവനാണെങ്കിൽ സ്ത്രീകളുടെ ഏറ്റവും ഉത്തമമായ ചുമതല വീടുനോക്കുകയും കുട്ടികളെ നോക്കുകയും ചെയ്യുക എന്നതാണ്. നബി[സ]തിരുമേനി പറഞ്ഞു: സ്വർഗം മാതാവിന്റെ കാൽക്കീഴിലാണ്. കാരണം സ്ത്രീകൾ കുട്ടികൾക്ക് തർബിയ്യത്ത് അഥവാ ശിക്ഷണം നല്കുന്നു. സൊസൈറ്റിക്ക് ഗുണപ്രദമായവരാക്കുന്നു. അങ്ങനെ അവർ ഭരണകൂടത്തിന്റേയും ജനങ്ങളുടേയും അഭിവൃദ്ധിക്ക് നിമിത്തമായിത്തീരുന്നു.

ഹുദൂർ അയ്യദഹുല്ലാഹ് നബി[സ]തിരുമേനിയുടെ ഒരു ഹദീഥിനെക്കുറിച്ച് പറഞ്ഞു. ആർക്കാണോ മൂന്നുപെൺമക്കളുള്ളത്, അവർക്ക് നല്ല ശിക്ഷണം നല്കി വളർത്തുന്നത് അയാൾ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്.

ഹദൂർ പറഞ്ഞു:ഞങ്ങൾ അതംഗീകരിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നു. മറ്റുള്ളവർ അതംഗീരിക്കുകയും എന്നാൽ, അതനുസരിച്ച് പ്രവർത്തിക്കാതിരിക്കുകയും ചെയ്യുമ്പോഴാണിത്. ഹുദൂർ പറഞ്ഞു: അഹ്മദിയ്യ ജമാഅത്തിന്റെ രണ്ടാമത്തെ ഖലീഫ സ്ത്രീകൾക്കുവേണ്ടി ഒരു പ്രത്യേക സംഘടന രൂപീകരിച്ചു. അതായത് പുരുഷന്മാർ തങ്ങളുടെ ദീനീപരമായ കർത്തവ്യങ്ങളും ചുമതലകളും നിറവേറ്റുന്നില്ലെങ്കിൽ, അത്തരം ഘട്ടത്തിൽ സ്ത്രീകൾ ഈ ജോലികൾ നിർവഹിക്കുന്നതായിരിക്കും. കാരണം നമ്മൾ ആഗ്രഹിക്കുന്നത് സ്ത്രീകൾ പുരുഷന്മാരെക്കാൾ കൂടുതൽ അഭിവൃദ്ധിപ്പെടണമെന്നാണ്.

ഹുദൂർ പറഞ്ഞു: ഒരു മരത്തിനോടു ചേർന്ന് ചെടി നട്ടാൽ അതിന് വളർച്ച ഉണ്ടാകുകയില്ല. എന്നാൽ, അതേ മരം തുറസ്സായ സ്ഥലത്ത് വെക്കുകയാണെങ്കിൽ അത് പുഷ്പിക്കുകയും കായ്ക്കുകയും ചെയ്യുന്നതായിരിക്കും. തികച്ചും ഇതേ രീതിയിലാണ് സ്ത്രീകൾ അഭിവൃദ്ധിപ്പെടുന്നതിനുവേണ്ടി അവരുടേയും സംഘടന രൂപീകരിക്കപ്പെട്ടത്.


വിദ്യാർഥികൾ ഇക്കാര്യം പരസ്യമായി പ്രകടിപ്പിച്ചിട്ടുണ്ട്. അവരുടെ ഭാഗത്തുനിന്നുയർന്ന ചോദ്യങ്ങൾക്ക് ഹുദൂർ അൻവർ വളരെ സ്നേഹത്തോടെ വിശദീകരിച്ച് മറുപടി നല്കുകയും അവർ സംതൃപ്തരാകുകയും ചെയ്തു.

കൂടിക്കാഴ്ചയ്ക്കുശേഷം സംഘാംഗങ്ങൾ നിരന്തരം സന്തോഷം പ്രകടിപ്പിച്ചുകൊണ്ടിരുന്നു. ഹുദൂർ അൻവർ വളരെ തിരക്കുണ്ടായിട്ടും തങ്ങൾക്ക് കൂടിക്കാഴ്ചയ്ക്ക് അവസരം നല്കുകയും തങ്ങളുടെ ഭാഗത്തുനിന്നുണ്ടായ ചോദ്യങ്ങൾക്ക് വളരെ സ്നേഹനിർഭരമായ രീതിയിൽ മറുപടി നല്കുകയും ചെയ്തു.

കൃഷിവകുപ്പുമായി ബന്ധംവെക്കുന്ന ഒരു സ്നേഹിതൻ പറഞ്ഞു: ഖലീഫത്തുൽ മസീഹുമായി കൂടിക്കാഴ്ച നടത്തിയെന്നത് എനിക്ക് വലിയ ബഹുമതിയുള്ള കാര്യമാണ്. കൂടിക്കാഴ്ചയ്ക്കു

## • അല്ലാഹുവിന്റെ കലാം •

**"എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല."** *(വിശുദ്ധ ഖുർആൻ 51:57)*

tectona
feels more confidence
All Types Of Quality Furniture

ത്വാലിബെ ദുആ: Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM


## • ഹദീഥുന്നബ്‌വി[സ] •

**'നിങ്ങളിൽനിന്ന് ആർക്കാണോ ദുആയുടെ വാതിൽ തുറക്കപ്പെട്ടത്, അവന് കാരുണ്യത്തിന്റെ വാതിൽ തുറക്കപ്പെട്ടു. അല്ലാഹുവിനോടു ഏതൊന്നാണോ ചോദിക്കപ്പെടുന്നത് അവയിൽ ഏറ്റവുമധികം പ്രിയപ്പെട്ടത് അവനോടു ആഫിയത്ത് അഥവാ സൗഖ്യം ചോദിക്കുന്നതാണ്.'**

*(തിർമുദി, അബ്‌വാബുദ്ദഅ്‌വാത്ത്)*


ത്വാലിബെ ദുആ: ANWAR SADAT AND FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

മുമ്പേ അഹ്മദിയ്യാ ജമാഅത്തിൽ ഖലീഫയ്ക്കുള്ള സ്ഥാനമെന്താണെന്ന് ഞങ്ങൾക്കറിയില്ലായിരുന്നു. ജൽസയിൽ പങ്കെടുത്തും അഹ്മദികളുമായി കണ്ടും ഖലീഫയുടെ പ്രസംഗങ്ങൾ കേട്ടും അവിടത്തെ ശ്രേഷ്ഠതരമായ സ്ഥാനത്തിന്റെ അറിവ് കരസ്ഥമായി. ഞങ്ങൾ അദ്ദേഹത്തിന്റെ അടുത്തെത്തിയപ്പോൾ കുറച്ചു ഭയമുണ്ടായിരുന്നു. പക്ഷേ, ആ ഭയം പെട്ടെന്നാണ് സ്നേഹത്തിലേക്കും ആദരവിലേക്കും മാറിയത്. ഖലീഫയുടെ വാക്കുകളിലൂടെ ഞങ്ങളെല്ലാവരുടേയും നെഞ്ചകങ്ങളിൽ ഒരുതരത്തിലുള്ള ചൂട് അനുഭവപ്പെട്ടു. ഇപ്പോൾ ഞങ്ങൾ ഇസ്‌ലാമിനെ മറ്റൊരു രീതിയിലാണ് കണ്ടുകൊണ്ടിരിക്കുന്നത്. ഇസ്‌ലാമിനെ കുറിച്ചുള്ള ഞങ്ങളുടെ വീക്ഷണം തികച്ചും മാറിപ്പോയി.

- സ്ലാസ്കാ ബേരിക് എന്ന സ്ത്രീ തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: ഹുദൂർ അൻവറുമായുള്ള എന്റെ കൂടിക്കാഴ്ച എനിക്ക് വളരെ അപൂർവമായ അവസരമായിരുന്നു. എനിക്കും എന്റെ കൂട്ടുകാർക്കും വ്യക്തിപരമായ നിലയിൽ ഹുദൂറുമായി കൂടിക്കാഴ്ച നടത്താനും സംസാരിക്കാനുമുള്ള സൗഭാഗ്യം കിട്ടി. എന്റെ അഭിപ്രായത്തിൽ ഹുദൂർ അൻവറിന്റെ പെരുമാറ്റം വളരെ സൗഹാർദ്ദപരമായിരുന്നു. തുറന്ന ഹൃദയത്തിന്റെ ഉടമയാണ് ഹുദൂർ. കൂടിക്കാഴ്ചക്കു വരുന്ന ഓരോ വ്യക്തിയും തന്നെ നല്ലനിലയിൽ തിരിച്ചറിയണമെന്ന ശ്രമമായിരുന്നു ഹുദൂറിന്റേത്. കൂടിക്കാഴ്ചയുടെ സാഹചര്യം വളരെയേറെ സന്തോഷഭരിതമായിരുന്നു. ഒരു പ്രത്യേക തരത്തിലുള്ള ആത്മീയതയുണ്ടായിരുന്നു.

ഹുദൂർ അൻവറിന്റെ വാത്സല്യം ഞങ്ങൾക്ക് ഞങ്ങളുടെ മനസ്സിലുണ്ടായിരുന്ന ചില ചോദ്യങ്ങൾ ഹുദൂറിനോടു ചോദിക്കാനുള്ള ധൈര്യം പകർന്നു. ഞങ്ങൾ അദ്ദേഹത്തോടു ചോദിച്ചു: 'നാമധാരികളായ ചില മുസ്‌ലിമീങ്ങൾ കാരണത്താൽ ലോകം മുഴുവൻ മുസ്‌ലിമീങ്ങൾക്ക് എന്തൊരു പ്രതിസന്ധികളെയാണോ നേരിടേണ്ടിവരുന്നത്, അഹ്മദിയ്യാ ജമാഅത്ത് ആ പ്രതിസന്ധികളെ എങ്ങനെയാണ് നേരിടുന്നത്? മുസ്‌ലിമീങ്ങളിൽ എത്രയാളുകളാണ് അഹ്മദിയ്യത്ത് സ്വീകരിക്കുന്നത്? വിശുദ്ധഖുർആൻ അനുസരിച്ച് സ്ത്രീകളുടെ സ്ഥാനമെന്താണ്? യുവതലമുറ എന്തുകൊണ്ടാണ് മതത്തിൽനിന്ന് അകന്നുപൊയ്ക്കൊണ്ടിരിക്കുന്നത്?'

ഏതുരീതിയിലാണോ ഹുദൂർ അൻവർ ഞങ്ങളോടു സംസാരിച്ചുകൊണ്ടിരുന്നത് അതിൽ ഞങ്ങൾ വളരെ ആകർഷിതരായി. ഹുദൂർ ഞങ്ങളുടെ എല്ലാ ചോദ്യങ്ങൾക്കും വളരെ വിശദീകരിച്ച് മറുപടി നല്കി. തന്റെ മന്ദസ്മിതംകൊണ്ട് ഞങ്ങൾക്ക് കൂടുതൽ ചോദിക്കാൻ പ്രചോദനവും നല്കിക്കൊണ്ടിരുന്നു. ഞങ്ങൾ ചോദിച്ചുകൊണ്ടിരിക്കുകയും ചെയ്തു. ഹുദൂർ ചോദിച്ചു: 'എന്റെ മറുപടിയിൽ നിങ്ങൾ സംതൃപ്തരാണോ?' അപ്പോൾ ഞങ്ങൾ പറഞ്ഞു: 'ഹുദൂർ പറഞ്ഞ എല്ലാ മറുപടിയിലും ഞങ്ങൾ സംതൃപ്തരാണ്. ഞങ്ങൾക്ക് തൃപ്തിയായി.'

ഞാൻ വീണ്ടും പറയാനാഗ്രഹിക്കുകയാണ്, ഇത്തരം വാത്സല്യനിധിയായ മനുഷ്യനുമായി കൂടിക്കാഴ്ചയ്ക്കുള്ള ഭാഗ്യം കരസ്ഥമാക്കിയതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. ഈ അനുഭവങ്ങൾ എന്നോടൊപ്പം ക്രൊയേഷ്യായിൽ കൊണ്ടുപോകുന്നതാണ്. സുദീർഘമായ കാലംവരെ ഈ നിമിഷങ്ങൾ ഓർമിച്ചുകൊണ്ടിരിക്കും.

സ്ലോവേനിയായിൽനിന്ന് രണ്ടു കുടുംബത്തിൽപെട്ട 10 അംഗമടങ്ങിയ സംഘം വന്നിരുന്നു. ഹുദൂർ അൻവർ അവരെല്ലാവരുമായി പരിചയപ്പെട്ടു. അവരോടു ജൽസയെ കുറിച്ച് ചോദിച്ചു.

ഈ സംഘത്തിൽ സെമഗോ പവോലീച്ച് എന്നൊരാളുമുണ്ടായിരുന്നു. അദ്ദേഹം പരിഭാഷക ജോലിയാണ് ചെയ്തുകൊണ്ടിരുന്നത്. കുറച്ചുകാലമായി ജമാഅത്തുപരമായ സാഹിത്യങ്ങൾ സ്ലോവേനിയൻ ഭാഷയിൽ തർജമ ചെയ്യുന്നതിന് സഹായിച്ചുകൊണ്ടിരിക്കുന്നു.

അദ്ദേഹം പറഞ്ഞു: ജൽസയിൽ പങ്കെടുക്കുന്നതിനുമുമ്പ ജമാഅത്തിനെ സംബന്ധിച്ചുള്ള അദ്ദേഹത്തിന്റെ പരിചയം വായനവരെമാത്രം ഒതുങ്ങിയിരുന്നു. പക്ഷേ, ജൽസയിൽ പങ്കെടുക്കുകയും ജൽസയുടെ ചുറ്റുപാടുകൾ കാണുകയും ചെയ്തപ്പോൾ എന്തൊന്നാണോ അദ്ദേഹം ജമാഅത്തിനെ കുറിച്ച് വായിച്ചിട്ടുള്ളത് അതെല്ലാം യാഥാർഥ്യമാണെന്ന് അദ്ദേഹത്തിന് മനസ്സിലായി. അദ്ദേഹം പറഞ്ഞു: ജൽസയിൽ വരുന്നതിനുമുമ്പേ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥിന്റെ(റഹ്) സുപ്രസിദ്ധ മോട്ടോ "എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്" വായിച്ചിരുന്നു. പക്ഷേ, ജൽസയിൽ വിവിധ ആളുകളെ കണ്ടും ജൽസയുടെ ചുറ്റുപാടുകൾ വീക്ഷിച്ചും കഴിഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞ ആ മോട്ടോ സത്യമാണെന്ന് മനസ്സിലായി. ജമാഅത്തിലെ എല്ലാ അംഗങ്ങളും ഈ മോട്ടോ അനുസരിച്ച് പ്രവർത്തിക്കുന്നവരാണ്.

ഹുദൂർ അൻവറുമായുള്ള കൂടിക്കാഴ്ച അവസാനിച്ചതിനുശേഷം അദ്ദേഹം പറഞ്ഞു: കൂടിക്കാഴ്ചയിൽ അഹ്മദിയ്യ ജമാഅത്തിന്റെ ഖലീഫ ഏതു വിഷയത്തെ അധികരിച്ചും സംസാരിക്കാൻ തയ്യാറായിരുന്നു. ജമാഅത്തിന്റെ ഖലീഫയോടു ഞങ്ങൾ ധാരാളം ചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരുന്നു. അദ്ദേഹം അതിനെല്ലാം സന്തോഷത്തോടെ മറുപടിയും നല്കിക്കൊണ്ടിരുന്നു.

- ഒരു സുഹൃത്താണ് യൻകോ അയ്‌വൻ ബർച്ച് സാഹിബ്. ഇദ്ദേഹം ഐ.റ്റി.യുടേയും ഡിസൈനിംഗിന്റേയും ജോലി ചെയ്യുന്നു. ഈയിടെയായി സ്ലോവേനിയൻ ഫ്ളേയേഴ്സിലും ഡിസൈനിംഗിലും സഹായിയാണ്.

അദ്ദേഹം തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു:ജൽസയുടെ ഒരുക്കങ്ങൾ കണ്ടും വിവിധ ആളുകളുമായി കണ്ടുമുട്ടിയും എനിക്കും വളരെയേറെ സന്തോഷമുണ്ടായി. ഞാനെന്റെ ജീവിതത്തിൽ ഒരേയൊരു സംഘടനയിലെ മുഴുവനാളുകളും ഇത്ര നല്ലവരും ഇത്രമാത്രം സ്നേഹിക്കുന്നവരുമായി ഒരിക്കലും കണ്ടിട്ടില്ല. എല്ലാവരും നല്ല സ്വഭാവത്തോടും വിനയത്തോടും പെരുമാറുന്നവരായിരുന്നു.

ഹുദൂറുമായുള്ള കൂടിക്കാഴ്ചയ്ക്കുശേഷം പറഞ്ഞു: ഇതെനിക്കൊരിക്കലും മറക്കാൻ കഴിയാത്ത അവസരവും കൂടിക്കാഴ്ചയുമായിരുന്നു. ഒരിക്കലും തിരിച്ചുവരാത്ത നിമിഷങ്ങളായിരുന്നു.

- ഒരു സുഹൃത്ത് പറസ്സട്ട് കെൻഹേഗ്‌ലിയേവ് അസദ് സാഹിബ് തന്റെ ഭാര്യയോടും മൂന്നു മക്കളോടുമൊപ്പം ജൽസയിൽ പങ്കെടുത്തു. ആ കുടുംബത്തിന്റെ ബന്ധം കിർഗിസ്താനുമായാണ്. എട്ടു വർഷമായി സ്ലോവേനിയായിൽ താമസിക്കുന്നു. അസദ് സാഹിബ് കുറച്ചുവർഷം തുർക്കിയിൽ ഇസ്‌ലാമിക മദ്രസയിലും പഠിക്കുകയുണ്ടായി. അദ്ദേഹത്തിന് ജമാഅത്തിനെ കുറിച്ച് തെറ്റായ കുറച്ച് ധാരണകളുണ്ടായിരുന്നു. ഇപ്പോൾ ദൈവകൃപയാൽ ഈ ജൽസയിൽ പങ്കെടുത്തതിനുശേഷം അതെല്ലാം അകന്നുപോയി.

അദ്ദേഹം തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ടു പറഞ്ഞു:'ഇവിടെ ജൽസയുടെ ഏർപ്പാടുകളെല്ലാം വളരെ ഉന്നതമായിരുന്നു. ഞാനെല്ലായിടത്തും സ്നേഹവും മമതയുംതന്നെയാണ് കണ്ടത്. ഇത്രമാത്രം വൻതോതിൽ ആളുകൾ പങ്കെടുത്തിട്ടും ഒരു തരത്തിലുള്ള പ്രശ്നവുമുണ്ടായില്ല. ഒരു ബുദ്ധിമുട്ടുമുണ്ടായില്ല.

ക്രൊയേഷ്യൻ സംഘത്തിന്റേയും സ്ലോവേനിയൻ സംഘത്തിന്റേയും ഈ കൂടിക്കാഴ്ച 8.50വരെ നീണ്ടുനിന്നു. അതിനുശേഷം ഇരുസംഘത്തിലേയുമാളുകൾ ഹുദൂറുമൊത്ത് ഫോട്ടോയുമെടുത്തു. കൂടിക്കാഴ്ചയുടെ അവസാനം ഹുദൂർ വിദ്യാർഥി വിദ്യാർഥിനികൾക്ക് പേനയും കുഞ്ഞുങ്ങൾക്ക് ചോക്ലേറ്റും സമ്മാനിച്ചു.(തുടരും)

പേജ് 1 ൽ നിന്ന്

പറഞ്ഞു. നബി(സ)തന്റെ അണപ്പല്ലുകൾ പുറത്തു കാണുംവിധം ചിരിച്ചു. ശേഷം പറഞ്ഞു: ഇതു നിന്റെ വീട്ടുകാരെ തീറ്റിക്കുക. *(ബുഖാരി കിതാബുൽ ഹിബ)*

പേജ് 8 ൽ നിന്ന്

നശിപ്പിക്കുമാറാകട്ടെ.' ഈ അഭ്യർഥന രണ്ടുപ്രാവശ്യം അതായത് 1902-ലും, 1903-ലും അദ്ദേഹത്തിന് അയച്ചുകൊടുത്തു. അമേരിക്കയിലെ പേരുകേട്ട കുറച്ചു പത്രങ്ങളിൽ അത് പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. അവയുടെ പേരുകൾ അടിക്കുറിപ്പിൽ എഴുതിയിട്ടുണ്ട്. (ഹദ്റത്ത് മസീഹ് മൗഊദ്(അ) 32 പത്രങ്ങളുടെ പേരുകൾ അടിക്കുറിപ്പിൽ പ്രസിദ്ധീകരിച്ചിരുന്നു) മുബാഹലയുടെ ഈ ലേഖനത്തിൽ ഞാൻ കള്ളവാദിയുടെ മേൽ ശാപപ്രാർഥന ചെയ്തിരുന്നു. അല്ലാഹു കള്ളവാദിയുടെ കള്ളം തന്റെ വിധിയാൽ പരസ്യമാക്കണമെന്ന് അല്ലാഹുവിനോടു ദുആ ചെയ്തിരുന്നു. മുബാഹലയെക്കുറിച്ച് ഞാനിപ്പോൾ എഴുതിക്കഴിഞ്ഞ ലേഖനം അമേരിക്കയിലെ ദിനപത്രങ്ങളിൽ നല്ലവണ്ണം പ്രസിദ്ധീകരിക്കപ്പെട്ടു. ഈ പത്രങ്ങൾ അമേരിക്കയിലെ ക്രിസ്ത്യാനികളുടേതായിരുന്നു. അവരുമായി എനിക്ക് ഒരു ബന്ധവുമുണ്ടായിരുന്നില്ല. പത്രങ്ങളിൽ പ്രസിദ്ധീകരിക്കേണ്ട ആവശ്യം എനിക്കുണ്ടായത് കള്ളപ്രവാചകനായ ഡോക്ടർ ഡൂഇ നേരിട്ട് എനിക്ക് മറുപടി തന്നിരുന്നില്ല എന്നതുകൊണ്ടാണ്. അവസാനം ഞാൻ മുബാഹലയെ കുറിച്ചുള്ള ആ ലേഖനം പേരുകേട്ട പത്രങ്ങളിലെല്ലാം നല്ലവണ്ണം പ്രസിദ്ധീകരിച്ചു. ആ പത്രങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പോകുന്നതായിരുന്നു. അവയുടെ എഡിറ്റർമാരെല്ലാം അമേരിക്കയിലെ ക്രിസ്ത്യാനികളായിരുന്നിട്ടും, ഇസ്‌ലാമിന്റെ ശത്രുക്കളായിരുന്നിട്ടും അവർ വളരെ ഉത്സാഹത്തോടും ഉന്മേഷത്തോടുംകൂടി എന്റെ മുബാഹല ലേഖനം ധാരാളമായി പ്രസിദ്ധീകരിച്ചുവെന്നത് അല്ലാഹുവിന്റെ ഫള്ലാണ്; അമേരിക്കയിലും യൂറോപ്പിലും അതിന്റെ ചർച്ച വേണ്ടുവോളമുണ്ടായി. ഹിന്ദുസ്താൻവരെ ആ മുബാഹലയുടെ വാർത്ത പരന്നു. എന്റെ മുബാഹല ലേഖനത്തിന്റെ ചുരുക്കം ഇങ്ങനെയായിരുന്നു. "ഇസ്‌ലാം സത്യമാണ്. ക്രൈസ്തവമതത്തിന്റെ വിശ്വാസാദർശം കളവാണ്. അവസാനകാലത്ത് വരേണ്ടതായ മസീഹ് ഞാനാണ്; നബിമാരുടെ ഏടുകളിൽ അതിനെ

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-9 Thursday 25 July 2024 Issue-30

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

ക്കുറിച്ച് വാഗ്ദാനമുണ്ട്.' അതുപോലെതന്നെ ഞാൻ അതിലെഴുതി, 'ഡോക്ടർ ഡൂഇ തന്റെ റസൂലാണെന്ന വാദത്തിലും ത്രിയേകത്വവിശ്വാസത്തിലും കള്ളനാണ്. അയാൾ ഞാനുമായി മുബാഹല (പ്രാർഥനാസമരം) ചെയ്യുകയാണെങ്കിൽ എന്റെ ജീവിതകാലത്തുതന്നെ അതിദാരുണമായി മരിക്കുന്നതായിരിക്കും. മുബാഹല ചെയ്തില്ലെങ്കിൽത്തന്നെയും അയാൾ അല്ലാഹുവിന്റെ ശിക്ഷയിൽനിന്ന് രക്ഷപ്പെടുകയില്ല.' ഇതിനുള്ള മറുപടിയായി ദൗർഭാഗ്യവാനായ ഡൂഇ 1903 ഡിസംബറിലെ ഏതോ പത്രത്തിലും അതുപോലെതന്നെ 1903 സെപ്തംബർ 26ലെ പത്രങ്ങളിലും ഇംഗ്ലീഷിൽ ചില വചനങ്ങൾ എഴുതി പ്രസിദ്ധീകരിച്ചു. അതിന്റെ തർജമ ഇപ്രകാരമാണ്:

'ഹിന്ദുസ്താനിൽ ഒരു മണ്ടനായ മുഹമ്മദീ മസീഹുണ്ട്. അയാൾ എനിക്ക് യേശുമിശിഹായുടെ ഖബ്ർ കശ്മീരിലുണ്ടെന്ന് ആവർത്തിച്ച് എഴുതിക്കൊണ്ടിരിക്കുന്നു. നീ എന്തിനാണ് അയാൾക്ക് അതിന് മറുപടി നല്കാത്തതെന്ന് ആളുകൾ എന്നോടു ചോദിക്കുന്നു. എന്നാൽ, ഈ കൊതുകുകൾക്കും ഈച്ചകൾക്കും ഞാൻ മറുപടി നല്കുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ? അയാളുടെമേൽ കാലുവെച്ചാൽ ഞാൻ അയാളെ ഞെരിച്ചു കൊല്ലുന്നതായിരിക്കും.'

പിന്നീട് 1902 ഡിസംബർ 19-ലെ പത്രത്തിലെഴുതി: 'കിഴക്കും പടിഞ്ഞാറും വടക്കും തെക്കുമുള്ള ആളുകളെ ഒരുമിച്ചുകൂട്ടുക എന്നതും ക്രിസ്ത്യാനികളെ ഈ നഗരത്തിലും മറ്റു നഗരങ്ങളിലും താമസിപ്പിക്കുക എന്നതുമാണ് എന്റെ ജോലി. അങ്ങനെ മുഹമ്മദീമതം ലോകത്തുനിന്ന് വിപാടനം ചെയ്യപ്പെടണം. അല്ലയോ ദൈവമേ! ഞങ്ങൾക്ക് ആ കാലം കാണിച്ചുതന്നാലും.'

ചുരുക്കിപ്പറഞ്ഞാൽ യൂറോപ്പിലും അമേരിക്കയിലും ഈ രാജ്യത്തും എന്നല്ല മുഴുലോകത്തും പ്രസിദ്ധീകരിച്ചുകഴിഞ്ഞിട്ടുള്ള എന്റെ മുബാഹല ലേഖനത്തിനുശേഷം അയാൾ അഹങ്കാരത്തിൽ ഊറ്റം കൊണ്ടുപോയി. എന്തൊന്നാണോ ഞാൻ എന്നെക്കുറിച്ചും അയാളെക്കുറിച്ചും അല്ലാഹുവിൽനിന്ന് വിധി തേടിയത് തീർച്ചയായും അവൻ സത്യമായ വിധി അതിൽ പുറപ്പെടുവിക്കുമെന്ന പ്രതീക്ഷയിൽത്തന്നെയായിരുന്നു ഞാൻ. അല്ലാഹുവിന്റെ വിധി അസത്യവാനേയും സത്യവാനേയും വേർതിരിച്ചു കാണിക്കുന്നതായിരിക്കും.

ഞാനെപ്പോഴും അതുസംബന്ധമായി അല്ലാഹുവിനോടു ദുആ ചെയ്തുകൊണ്ടിരുന്നു. കള്ളവാദിയുടെ മരണം ആഗ്രഹിച്ചു. അങ്ങനെ പല പ്രാവശ്യവും അല്ലാഹു എന്നെ വിവരം അറിയിച്ചു; നീ വിജയിക്കുമെന്ന്. ശത്രു നശിപ്പിക്കപ്പെടുമെന്നും. പിന്നീട് ഡൂഇ മരിക്കുന്നതിന് ഏകദേശം 15 ദിവസം മുമ്പേ അല്ലാഹു തന്റെ സംസാരം മുഖേന എന്റെ വിജയത്തിന്റെ അറിവും നല്കി. ഞാൻ ഈ ലഘുലേഖയിൽ അതിന്റെ പേര് 'ഖാദിയാൻ കെ ആര്യ ഔർ ഹം' എന്നാണ് വെച്ചിട്ടുള്ളത്. അതിന്റെ ടൈറ്റിൽ പേജിന്റെ ആദ്യ പേജിന്റെ രണ്ടാമത്തെ പേജിൽ ഡൂഇ മരിക്കുന്നതിന് ഏകദേശം രണ്ടാഴ്ച മുമ്പേ അത് പ്രസിദ്ധീകരിച്ചുകഴിഞ്ഞിരുന്നു. അതിതാണ്:

**പുതിയ അടയാളത്തിന്റെ പ്രവചനം:**

'അല്ലാഹു പറയുന്നു: ഞാനൊരു പുതിയ അടയാളം വെളിപ്പെടുത്തും, അതിൽ മഹത്തായ വിജയം ഉണ്ടാകും. അത് ലോകം മുഴുവനുമുള്ളവർക്ക് ഒരു അടയാളമായിരിക്കും. (അതായത് അതിന്റെ വെളിപെടൽ ഹിന്ദുസ്താനിൽ മാത്രം ഒതുങ്ങിനില്ക്കുകയില്ല) അല്ലാഹുവിന്റെ കൈയാലും ആകാശത്തിൽനിന്നുമായിരിക്കും അതുണ്ടാകുക. എല്ലാ കണ്ണുകളും അതിനുവേണ്ടി കാത്തിരിക്കുന്നു. കാരണം എല്ലാ ജനതയും ചീത്തവിളിച്ചുകൊണ്ടിരിക്കുന്ന ഈയുള്ളവൻ അവനിൽനിന്നുള്ളവനാണെന്ന് സാക്ഷ്യം വഹിക്കാൻ അല്ലാഹു അത് അടുത്തുതന്നെ കാണിക്കുന്നതായിരിക്കും. ഇതിൽനിന്ന് ഫലമെടുക്കുന്നവൻ ഭാഗ്യവാൻ!'

**നമസ്കാരം നിർബന്ധമാണെന്നതുപോലെ,**
**മസ്ജിദിൽ ജമാഅത്തോടുകൂടി നമസ്കരിക്കുന്നത് നിർബന്ധമാണെന്നപോലെ**
**സക്കാത്തും നിർബന്ധമാണ്.**

ഇസ്ലാമിലെ അഞ്ച് അടിസ്ഥാനപരമായ കാര്യങ്ങളിൽ ഒന്നാണ് സക്കാത്ത്. തോതു പൂർത്തിയായിട്ടുള്ള മുസ്ലിമിന് അത് കൊടുക്കുക എന്നത് ശരീഅത്തുപരമായ ഒരു പ്രധാനപ്പെട്ട കടമയാണ്. സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) സക്കാത്ത് കൊടുക്കേണ്ടതിന്റെ പ്രാധാന്യത്തെ സംബന്ധിച്ച് പറയുന്നു: 'ഞാൻ വീണ്ടും നിങ്ങളോടു അഭ്യർഥിക്കുകയാണ്. നമ്മുടെ നബി(സ)തിരുമേനി സക്കാത്തിന്റെ സമ്പത്ത് ഒരിടത്ത് ഒരുമിച്ചുകൂട്ടി വിതരണം ചെയ്യുന്ന മാതൃക കാണിച്ചതുപോലെ, അല്ലാഹുവിന്റെ പരിശുദ്ധഗ്രന്ഥം അത് ചെലവഴിക്കേണ്ടതു പറഞ്ഞുതന്നപോലെ ആകാത്തിടത്തോളം, നമ്മുടെ ജമാഅത്ത് അത് ഒരിടത്ത് സമാഹരിച്ച് അത് ചെലവഴിക്കുന്നില്ലെങ്കിൽ-ഇസ്ലാമിക നിയമങ്ങളുടെ നാലു നിയമങ്ങളിൽനിന്ന് ഒരു മഹത്തായ നിയമം അവർ പാലിക്കുന്നവരാണെന്ന് പറയപ്പെടുകയില്ല. നമസ്കാരങ്ങൾ നിർബന്ധമാണെന്നതുപോലെ, മസ്ജിദിൽ പോയി ജമാഅത്തോടുകൂടി നമസ്കരിക്കുന്നത് നിർബന്ധമാണെന്നപോലെ സക്കാത്ത് നിർബന്ധമാണ്. അത് ഒരിടത്ത് സമാഹരിച്ച് വിതരണം ചെയ്യുകയും അതിന് നിശ്ചയിച്ചവരിൽ ചെലവഴിക്കുകയും ചെയ്യേണ്ടത് നിർബന്ധമാണ്. അതുകൊണ്ട് നമസ്കാരവും നോമ്പും ഹജ്ജും ചെയ്യുന്നത് നിർബന്ധമാണെന്നപോലെ സക്കാത്ത് കൊടുക്കലും നിർബന്ധമാണെന്ന് മനസ്സിലാക്കുക."

*(മാലീ നിളാം ഭാഗം 2, പേജ് 30)*

സക്കാത്തിന്റെ തോതിനെ സംബന്ധിച്ച് സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) പറയുന്നു: 'സക്കാത്ത് എന്നു പറയുന്ന ഈ ടാക്സ് വരുമാനത്തിനല്ലെന്ന കാര്യം ഓർക്കുക. മറിച്ച്, മൂലധനവും ലാഭവും എല്ലാംകൂടിയുള്ളതിലാണ് നികുതി ചുമത്തുന്നത്. ഇപ്രകാരം രണ്ടര ശതമാനം യഥാർഥത്തിൽ ചിലപ്പോൾ ലാഭത്തിന്റെ 50% ആയിത്തീരുന്നു. *(അഹ്മദിയ്യത്ത് യഅ്നീ ഹഖീഖി ഇസ്ലാം, അൻവാറുൽ ഉലൂം വാല്യം 8 പേജ് 306).* ആഭരണങ്ങളുടേയും നാണയങ്ങളുടേയും സക്കാത്തിനെ സംബന്ധിച്ച് സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറയുന്നു: 'വെള്ളിക്ക് വെള്ളിയുടേയും സ്വർണ്ണത്തിന് സ്വർണ്ണത്തിന്റേയും തോതായിരിക്കും. അത് നബി(സ)തിരുമേനി തന്റെ അനുഗൃഹീത കാലഘട്ടത്തിൽ നേരിട്ട് നടപ്പിൽ വരുത്തിയതാണ്. രൊക്കം പണത്തിനുള്ള സക്കാത്തിന്റെ തോതിനെ സംബന്ധിച്ചിടത്തോളം ഇക്കാലത്ത് ലോകത്തെ ഭൂരിപക്ഷവും സ്വർണ്ണത്തെയാണ് മാനദണ്ഡമാക്കിയിട്ടുള്ളത്. അതുകൊണ്ട് രൂപയുടെ സക്കാത്തും സ്വർണ്ണം തന്നെ മാനദണ്ഡമായി മനസ്സിലാക്കുന്നതായിരിക്കും." *(സ്വദ്ർ സാഹിബ് മജ്ലിസെ ഇഫ്ത്തായ്ക്ക് ഹുദൂർ അയ്യദഹുല്ലാഹ് എഴുതിയ കത്ത്)*



Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin